പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 121 05-07-2010 -ൽ മറുപടിക്ക്.

# എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള ബോധവൽക്കരണം

ചോദ്യം:

പ്രൊഫ. എൻ. ജയരാജ്
ശ്രീ. സി. എഫ്. തോമസ്
" തോമസ് ഉണ്ണിയാടൻ

ഉത്തരം

ശ്രീ. പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് ബോധവൽക്കരണത്തിനുവേണ്ടി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്;

(എ) മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണ ത്തിൻെറ ഭാഗമായി, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ, മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിൻെറ ഭാഗമായി സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ, ശ്രീ. ഗോപിനാഥ് മുതുകാടിൻെറ നേതൃത്വത്തിൽ ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന 'STOP SAD' എന്ന ജാലവിദ്യാ പ്രകടനവും നടത്തുകയുണ്ടായി.

(ബി) ഈ കാര്യത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക നീക്കി വച്ചിരുന്നു;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി "മദ്യാസക്തിക്കെതിരായ പ്രചരണം 2039-00-001 -95" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 20 ലക്ഷം രൂപയും, 'കളക്ഷേൻ ഫണ്ട് ഫോർ പ്രൊഹിബിഷൻ പോളിസി', "2039-00-001-96" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 5 ലക്ഷം രൂപയും നീക്കി വച്ചിരുന്നു. ഇതുകൂടാതെ, കെ.എസ്.ബി.സി. 30 ലക്ഷം രൂപയും ഈ ആവശ്യത്തിനായി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | മദ്യവിൽപ്പനയിൽ നിന്നും കിട്ടുന്ന തുകയുടെ എത്ര ശതമാനം ഈ കാര്യത്തിന് നീക്കിവയ്ക്കുന്നുണ്ട്; | (സി) | വർഷാവർഷം സർക്കാർ നിശ്ചയിക്കുന്ന തുകയാണ് ഇതിനായി നീക്കി വയ്ക്കുന്നത്. ഇത് മദ്യവിൽപ്പനയുടെ ശതമാനം അനുസരിച്ചല്ല. |
| (ഡി) | ജനങ്ങളുടെ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന മദ്യപാനത്തിനെതിരായി ആരോഗ്യ വകുപ്പുമായി ചേർന്ന് വിപുലമായ ബോധവൽക്കരണ പരിപാടികൾക്ക് രൂപം നൽകുവാൻ തയ്യാറാകുമോ? | (ഡി) | ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 122 — 05-07-2010 – ൽ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. കെ. രാജു<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തി ക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാ ക്കുമോ; | (എ) കൃഷി വകുപ്പിന്റെ കീഴിൽ 10 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളത്. അവ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള ആഗ്രോ മെഷീനറി കോർപ്പറേഷൻ, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള, ഓയിൽ പാം ഇൻഡ്യാ, കേരളാ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചറൽ പ്രോഡക്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രിവാൻട്രം റബ്ബർ വർക്ക്സ് എന്നിവയാണ്. ഇവയിൽ കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷനും ട്രിവാൻട്രം റബ്ബർ വർക്സും മുൻപു തന്നെ പ്രവർത്തനരഹിതമാണ്.<br>ഇവ കൂടാതെ കേരഫെഡ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരഫെഡ് എന്നീ സ്ഥാപനങ്ങളും കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഇതിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാം എന്നറിയി ക്കുമോ; | (ബി) സേവന മേഖലയിൽ പ്രവർത്തിക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയൊഴികെ കൃഷി വകുപ്പിനു കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ നാലു വർഷത്തിൽ ഇവയെല്ലാം ചേർന്ന് 217 കോടി രൂപയുടെ പ്രവർത്തനലാഭമുണ്ടാക്കി. |

............2

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ലാഭത്തിലേക്ക് ഉയർത്താൻ കഴിഞ്ഞ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കു മോ?

(സി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ പ്രോഡക്റ്റ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ലാഭത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞു. മറ്റുള്ളവയുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. കൂടാതെ ഭീമമായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരഫെഡ് കഴിഞ്ഞ നാലു വർഷത്തിലുമായി 13 കോടി യിലധികം രൂപ ലാഭമുണ്ടാക്കി.

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:123 05.07.2010 ൽ മറുപടിയ്ക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. ജോർജ് എം. തോമസ്<br>,, വി.ജെ. തങ്കപ്പൻ | ശ്രീ. എ.കെ. ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്തെ ജല സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട ജലവൈദ്യുത പദ്ധതി കൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) ഉണ്ട്. സംസ്ഥാന വൈദ്യുതി ബോർഡ്, അനർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ചെറുകിട ജലവൈദ്യുത ശേഷി പരമാവധി ഉപയോഗപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂഴിത്തോട് (4.8 MW), റാന്നി - പെരിനാട് (4 MW), ആഡ്യൻപാറ (3.5 MW), ചാത്തൻകോട്ടുനട (6 MW), വിലങ്ങാട് (7.5 MW) എന്നിങ്ങനെ 22.3 MW മെഗാവാട്ടിന്റെ 4 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പണി പുരോഗമിച്ചുവരുന്നു. കൂടാതെ 33.25 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. 182.3 മെഗാവാട്ടിന്റെ 22 പദ്ധതികൾ 2010-12 കാലത്ത് ടെണ്ടർ ചെയ്യുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 3 മെഗാവാട്ടിന്റെ മീൻവല്ലം ചെറുകിട പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. ഇതോടൊപ്പം സ്വകാര്യ സംരംഭകർ വഴി 18 മെഗാവാട്ടിന്റെ രണ്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>ചെറുകിട ജലവൈദ്യുതി വികസന സാധ്യതയുള്ളതായി (മിനി മൈക്രോ പദ്ധതികൾ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തിയ 1251 സൈററുകളിൽ നിന്ന് 870 സൈററുകളുടെ പ്രാഥമിക ഫീസിബിലിററി പഠനം അനർട്ടിന്റെ ആഭിമുഖ്യത്തിൽ പൂർത്തിയായിട്ടുണ്ട്. ഉദ്ദേശം 300 മെഗാവാട്ട് ശേഷിയാണ് ഇതിൽ നിന്ന് പ്രതീക്ഷിക്കുന്നത്.<br>ഇതിൽ പേരാവൂർ ബ്ലോക്കിൽ 14 സൈററുകളുടെ വിശദാംശം പഠനം പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്. ഇവയുടെ ആകെ ശേഷി 1.17 മെഗാവാട്ടാണ്. ഇവയുടെ നിർമ്മാണ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കാൻ |

|  |  |  |  |
|---|---|---|---|
|  |  |  | കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>സ്വകാര്യ സംരംഭകർ മുഖാന്തിരം ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ഇ.എം.സി പ്രവർത്തിക്കുന്നു. ആകെ 57.15 മെഗാവാട്ട് ശേഷിയുള്ള 12 പദ്ധതികൾ നടപ്പാക്കാൻ സ്വകാര്യ സംരംഭകർക്ക് അനുമതി നൽകിയിട്ടുണ്ട്. |
| ബി) | പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ നടപ്പാക്കാവുന്ന എത്ര പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; | ബി) | 'എ' പിരിവ് ഉത്തരത്തിൽ നൽകിയിട്ടുള്ള പദ്ധതികൾ എല്ലാം പൊതുവേ പരിസ്ഥിതി പ്രശ്നങ്ങളില്ലാതെ നടപ്പാക്കാൻ കഴിയുന്നവയാണ്; |
| സി) | ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പാക്കുന്നതിനായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പൊതുകമ്പനി ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; | സി) | ചെറുകിട ജലവൈദ്യുത പദ്ധതികൾ, ബയോമാസ് അടക്കമുള്ള മറ്റ് പാരമ്പര്യേതര പദ്ധതികൾ എന്നിവയെല്ലാം ഏറ്റെടുക്കാൻ കഴിയുന്ന രൂപത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനർട്ടും ചേർന്ന് ഒരു കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ, ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ എന്നിവ സർക്കാർ പരിഗണനയിലാണ്. |
| ഡി) | ചെറുകിട പദ്ധതികളിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കുമോ? | ഡി) | നിർമ്മാണത്തിലിരിക്കുന്നതും ടെണ്ടർ നടപടികൾ നടക്കുന്നതും ഇൻവെസ്റ്റിഗേഷനിൽ ഇരിക്കുന്നതുമായ 46 ചെറുകിട ജലവൈദ്യുതി പദ്ധതികളും 870 മിനി മൈക്രോ പദ്ധതികളുമടക്കം 916 സ്കീമുകളിലായി 616 മെഗാവാട്ട് ശേഷിയാണ് വരുന്ന 10 വർഷത്തിനുള്ളിൽ പ്രതീക്ഷിക്കുന്നത്.<br>ഇതു കൂടാതെ സംസ്ഥാന വൈദ്യുതി ബോർഡ് നടപ്പാക്കുന്ന മറ്റ് 8 ഇടത്തരം ജലവൈദ്യുതി പദ്ധതികളിൽ നിന്നായി 533 മെഗാവാട്ട് വൈദ്യുതി ഉൽപാദനവും ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 124 05.07.2010 ൽ മറുപടിക്ക്

### സഹകരണ മേഖല വഴിയുള്ള കാർഷിക വായ്പാവിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി രാജഗോപാലൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും വകുപ്പുമന്ത്രി) |
| എ) സഹകരണ മേഖലവഴിയുള്ള കാർഷിക വായ്പാ വിതരണം മെച്ചപ്പെടുത്തു-ന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേനയുള്ള കാർഷിക വായ്പാ വിതരണത്തിന്റെ അനുപാതം വർദ്ധിപ്പിക്കു-ന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40 ശതമാനം എങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഈടാക്കാവുന്ന പരമാവധി പലിശ ഒരു ലക്ഷം രൂപ വരെ 5.50 ശതമാനവും അതിനു മുകളിൽ 3 ലക്ഷം വരെ 6 ശതമാനവും ആയി നിശ്ചയിക്കുകയും പിന്നീട് എല്ലാ ഹ്രസ്വകാല കാർഷിക വായ്പകൾക്കും പരമാവധി 7 ശതമാനമായി പലിശ പുതുക്കി നിശ്ചയിച്ച് സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കർഷകർക്ക് ആവശ്യമായ കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിലും സുഗമമായും വിതരണം ചെയ്യുന്നതിന് സഹകരണ സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ആയത് വിലയിരുത്തുകയും ചെയ്തു വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന-തിന്റെ ഭാഗമായും, നെൽ കർഷകരെ തിരികെ നെൽ കൃഷിയിലേയ്ക്ക് കൊണ്ടു വരുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ആറ് മാസ കാലയളവിലേയ്ക്ക് 25,000/- രൂപ വരെ നെൽകൃഷി വായ്പകൾ പലിശ രഹിതമായി നൽകുന്ന പദ്ധതി നടപ്പിലാക്കുകയുണ്ടായി. 2009-2010 സാമ്പത്തിക വർഷം മുതൽ നെൽകൃഷി വായ്പകൾക്ക് പരിധിയില്ലാതെ തുക പലിശരഹിതമായി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നെൽ കർഷകർക്ക് കൂടുതൽ സഹായകരമാവുന്നതിനും കൊയ്ത്ത് നടത്തുന്നതിന് തൊഴിലാളികളുടെ അഭാവം കണക്കിലെടുത്ത് കൊയ്ത്ത് |

യന്ത്രങ്ങൾ വാങ്ങി കർഷകർ, പാടശേഖര സമിതികൾ, കുടുംബശ്രീ എന്നിവർക്ക് ന്യായമായ വാടകയ്ക്ക് നൽകുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കർഷകർ, പാടശേഖര സമിതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവർ അപേക്ഷിയ്ക്കുന്ന മുറയ്ക്ക് കൊയ്ത്ത്, മെതിയന്ത്രം വാങ്ങുന്നതിന് വായ്പ നൽകുന്നതിനും സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി വായ്പാ പദ്ധതി വ്യാപകമായി നെൽകൃഷി വിപുലീകരിയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിയ്ക്കുന്നതാണ്. അതോടൊപ്പം പ്രാഥമിക സംഘങ്ങൾക്ക് കാർഷിക വായ്പകൾ നൽകാൻ കഴിയാതെ വരുന്ന സ്ഥലങ്ങളിൽ കൃഷിക്കാർക്ക് നേരിട്ട് കാർഷിക വായ്പ നൽകുന്നതിനായി ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ തുറക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാർഷിക വായ്പ വിതരണം ചെയ്യാത്ത സഹകരണ സംഘങ്ങൾക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് കാർഷികേതര വായ്പാ സംഘങ്ങളാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മതിയായ തോതിൽ നബാർഡ് റീഫൈനാൻസ് ലഭ്യമാകാത്ത സാഹചര്യത്തിൽ സംഘങ്ങൾ/ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വിള വായ്പകൾ വിതരണം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഒരു ശതമാനവും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന വായ്പകൾക്ക് രണ്ട് ശതമാനവും ഉൾപ്പെടെ മൂന്ന് ശതമാനം പലിശ സബ്‌വെൻഷൻ ഹ്രസ്വകാല വായ്പകൾക്ക് ലഭ്യമാക്കുന്നന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സഹകരണ കാർഷിക വായ്പാ സംഘങ്ങൾ/ബാങ്കുകൾ വഴിയുള്ള കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പഞ്ചായത്ത്, ജില്ലാ സംസ്ഥാന തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ബി) | സഹകരണ സംഘങ്ങൾ/ബാങ്കുകൾ കർഷകർക്ക് കുറഞ്ഞ നിരക്കിലാണ് കാർഷിക വായ്പ നൽകി വരുന്നത്. ഇപ്രകാരം കുറഞ്ഞ നിരക്കിലും, സുഗമമായും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് സംഘങ്ങൾക്ക് കർശന നിർദ്ദേശം നൽകുകയും ആയത് വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾക്ക് നിലവിൽ 7 ശതമാനം പലിശയാണ് ഇടാക്കുന്നത്. നബാർഡ് പുനർവായ്പ ലഭ്യമാക്കാത്ത സാഹചര്യത്തിൽ |

സംഘങ്ങൾ/ബാങ്കുകൾ അവയുടെ സ്വന്തം ഫണ്ടിൽ നിന്നും കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ വായ്പാ തോതിന് വിധേയമായി സ്വർണ്ണപ്പണയ കാർഷിക വായ്പകൾ 7 ശതമാനം നിരക്കിൽ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. നെൽകൃഷിയ്ക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള ഒരു ശതമാനം പലിശ ഇളവും സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾക്ക് 2 ശതമാനവും ഉൾപ്പെടെ 3 ശതമാനം പലിശ സബ്‌വെൻഷൻ ലഭ്യമാക്കുന്നുണ്ട്. നാളികേര കൃഷി, കുരുമുളക് മറ്റ് പ്ലാന്റേഷൻ ആവശ്യങ്ങൾ, കാർഷിക അനുബന്ധ ആവശ്യങ്ങൾ, കോഴി, താറാവ്, മീൻ വളർത്തൽ, കന്നുകാലി വളർത്തൽ എന്നിവയ്ക്കും സഹകരണ സംഘങ്ങൾ/ ബാങ്കുകൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ വായ്പാ വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാല വായ്പ നൽകുന്ന കാർഷിക വികസന ബാങ്കുകൾ മുഖേന നൽകുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ 7 ശതമാനം നിരക്കിലും മറ്റ് 50,000/- രൂപ വരെയുള്ള കാർഷിക വായ്പകൾ 9.25 ശതമാനം നിരക്കിലും ആണ് ആയതിനു മുകളിൽ 11.25 ശതമാനത്തിനും നിലവിൽ കാർഷിക വായ്പകൾ നൽകുന്നത്.

സി) സഹകരണ ബാങ്കുകൾ മുഖേന കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര കോടി രൂപ കാർഷിക വായ്പ അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

സി) സഹകരണ ബാങ്കുകൾ മുഖേന കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ അനുവദിച്ച കാർഷിക വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക(കോടിയിൽ) |
|---|---|
| 2005-2006 | 3586.13 |
| 2006-2007 | 2102.02 |
| 2007-2008 | 1813.56 |
| 2008-2009 | 1872.90 |
| 2009-2010 | 2247.95 |

ഡി) തൊഴിലാളികളുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കൊയ്ത്ത്-മെതി യന്ത്രങ്ങൾ വാങ്ങി ന്യായമായ വാടകയ്ക്ക് നൽകുന്നതിന് സഹകരണ സംഘങ്ങൾ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഡി) തൊഴിലാളികളുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ കൊയ്ത്ത് നടത്തുന്നതിന് പ്രയാസമുണ്ടാകുന്നു എന്ന അറിവിന്റെ അടിസ്ഥാനത്തിൽ അതാത് പ്രദേശത്തിന് അനുയോജ്യമായ കൊയ്ത്ത് യന്ത്രം വാങ്ങി കർഷകർ/പാടശേഖര സമിതികൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നെല്ലുല്പാദക സഹകരണ സംഘങ്ങൾ/കുടുംബ ശ്രീകൾ

എന്നിവയ്ക്ക് ന്യായമായ വാടകയ്ക്ക് നൽകുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുകയും ടി സ്ഥാപനങ്ങൾ അപേക്ഷിയ്ക്കുന്ന മുറയ്ക്ക് കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് വായ്പ നൽകുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. ആലപ്പുഴ ജില്ലയിൽ അഞ്ച് സഹകരണ സംഘങ്ങൾക്ക് എട്ട് യന്ത്രങ്ങൾ വാങ്ങുന്നതിനും കോട്ടയം ജില്ലയിൽ ഒരു യന്ത്രം വാങ്ങുന്നതിനും ജില്ലാ ബാങ്കുകൾ വായ്പ നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ ഒന്നും, തൃശ്ശൂർ ജില്ലയിൽ രണ്ടും സംഘങ്ങൾ കൊയ്ത്ത് മെതിയന്ത്രം വാങ്ങി വാടകയ്ക്ക് കൊടുക്കുന്നുണ്ട്.

തൃശ്ശൂർ ജില്ലയിൽ വെങ്ങിണിശ്ശേരി സർവ്വീസ് സഹകരണ ബാങ്കിൽ രണ്ട് പേർക്ക് കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിന് 26 ലക്ഷം, 6 ലക്ഷം എന്നീ തുകകൾ വായ്പയായി നൽകിയിട്ടുണ്ട്.

Rajendran

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.125 — 5.7.2010- ൽ മറുപടിയ്ക്ക്

## കുട്ടനാട് - പാക്കേജ് നടപ്പാക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ.സദാശിവൻ :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.സി.കെ.പി.പത്മനാഭൻ | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പുമന്ത്രി) |

എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

എ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

ജൂലായ് 2008 ൽ കേന്ദ്ര ഗവൺമെൻറ് കുട്ടനാട് പാക്കേജിന് അംഗീകാരം നൽകിയശേഷം കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പുരോഗതികൾ വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, ചീഫ് സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി, കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായി ടാസ്ക് ഇംപ്ലിമെൻറേഷൻ കമ്മിറ്റി എന്നീ സമിതികൾ രൂപവൽക്കരിച്ചിട്ടുണ്ട്.

കുട്ടനാട് പാക്കേജ് നടപ്പിലാക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകളെയും വിവിധ ഏജൻസികളെയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി ഒരു പ്രോജക്ട് ഓഫീസറെ നിയമിച്ചു.

50 ലക്ഷം രൂപയ്ക്ക് താഴെ ചിലവ് വരുന്ന 4.65 കോടി രൂപയുടെ 17 പദ്ധതികൾക്ക് സംസ്ഥാന ഗവൺമെൻറ് ഭരണാനുമതി നൽകി. പദ്ധതികൾ പല ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നു.

തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവ നവീകരിക്കുന്നതിലൂടെ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നതിനും ജീവജാലങ്ങളുടെ നശീകരണം തടയലിനും ഉള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഐ.ഐ.റ്റി ചെന്നൈ, സി.ഡബ്ല്യു.ആർ.ഡി.എം കോഴിക്കോട് എന്നീ സ്ഥാപനങ്ങൾ പഠനം നടത്തി 18 മാസം കൊണ്ട് പൂർത്തീകരിക്കുന്നതിന് ഐ.ഐ.റ്റി ചെന്നൈയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.
ഫെബ്രുവരി 2011 ന് അന്തിമ റിപ്പോർട്ട് ലഭിക്കും. തണ്ണീർമുക്കം ബണ്ട് നവീകരണത്തിനായുള്ള 160 കോടി രൂപയുടെ പദ്ധതിയും തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലുകളുടെയും കാര്യക്ഷമത വർദ്ധിപ്പിക്കലിനും ഉള്ള 18.9 കോടിയുടെ പദ്ധതിയും ഐ.ഐ.റ്റി ചെന്നൈയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷമേ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ.

എ.സി.കനാലിന്റെ പൂർണ്ണമായ നിർമ്മാണത്തിനായി സംസ്ഥാന ഗവൺമെന്റ് 104 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർവ്വേ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. അതിനുശേഷം സാങ്കേതികാനുമതി നൽകുന്നതാണ്.

എ.സി.കനാലിന്റെ അതിരുകളിലുണ്ടായിട്ടുള്ള കൈയേറ്റം കണക്കിലെടുത്ത് കനാലിന്റെ ഏരിയ നിശ്ചയിക്കുന്നതിനും മണ്ണ് പരിശോധന നടത്തുന്നതിനുമായി ആവശ്യമായ തുക സംസ്ഥാന സർക്കാർ അനുവദിക്കുകയും സർവ്വേ ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.
സിഡി ബ്ലോക്കിനും, റാണിചിത്തിര ബ്ലോക്കിനും സമീപമുള്ള കായൽ പ്രദേശത്ത് വെള്ളപ്പൊക്ക നിയന്ത്രണത്തിനായുള്ള പദ്ധതിയ്ക്ക് 46.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഓണാട്ടുകര മേഖലയിലെ നെൽകൃഷിക്കായി 1.92 കോടി രൂപയും എള്ള് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 26.75 ലക്ഷം രൂപയും ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

താൽക്കാലിക സംഭരണ യൂണിറ്റുകൾ RIDF ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പു മുഖേന നിർമ്മിയ്ക്കുന്നതിന് 1.82 കോടി രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പ് ഏറ്റെടുത്തിട്ടുള്ള സർവെ ജോലികൾ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി ഒരു സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ഇറിഗേഷൻ സർക്കിൾ രൂപീകരിച്ചിട്ടുണ്ട്.

ഇതുവരെ 673 കോടി രൂപയുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാടിന്റെ പാരിസ്ഥിതിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും കുട്ടനാട് പാക്കേജിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുമായി 13-ാം ധനകാര്യ കമ്മീഷണൻ മുമ്പാകെ സംസ്ഥാന സർക്കാർ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും അംഗീകരിച്ചുകൊണ്ട് ധനകാര്യ കമ്മീഷൻ 300 കോടി രൂപ അനുവദിക്കുകയുമുണ്ടായി.

എ.സി.കനാലിന്റെ നിർമ്മാണത്തിനും പുറംബണ്ടു നിർമ്മാണത്തിനുമുള്ള സർവ്വേ നടത്തുന്നതിനും വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ആവശ്യമായ 56.25 ലക്ഷം രൂപ ജലസേചന വകുപ്പിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

16.11.2009ന് ചേർന്ന പ്രോസ്പിരിറ്റി കൗൺസിൽ യോഗതീരുമാന പ്രകാരം സംസ്ഥാന കൃഷി, ജലവിഭവ വകുപ്പു മന്ത്രിമാരും ആലപ്പുഴ,

മാവേലിക്കര എം.പി മാരും കൂടി കേന്ദ്ര കൃഷി, ജലവിഭവ വകുപ്പു മന്ത്രിമാരെ കണ്ട് ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര ജലവിഭവ വകുപ്പു മന്ത്രി 4.1.10 ന് കുട്ടനാട് സന്ദർശിക്കുകയും, പുറംബണ്ടു നിർമ്മാണത്തിനും കുട്ടനാടിന്റെ സമഗ്ര വികസനത്തിനുമായി ആസൂത്രണ കമ്മീഷന്റെ അനുമതിക്കു വിധേയമായി കേന്ദ്ര സർക്കാരിന്റെ വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതിയിലുൾപ്പെടുത്തി 1220 കോടി രൂപ അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി ആർ.കെ.വി.വൈ ൽപ്പെടുത്തി 140 കോടി രൂപയുള്ള 10 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ കർഷകർക്കുള്ള കൃഷി യന്ത്രങ്ങളുടെ വിതരണവും പോളയുടെ നിർമ്മാർജ്ജനവും ഉപയോഗവും, കുട്ടനാട് പ്രവർത്തിക്കുന്ന കാർഷിക സർവകലാശാലയുടെ കീഴിലുള്ള റിസർച്ച് സ്റ്റേഷന്റെ ശക്തിപ്പെടുത്തലുംപെടുന്നു.

ബി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് സംസ്ഥാന സർക്കാർ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

ബി) 673 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

സി) ഏതെല്ലാം പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട് ; അംഗീകാരം ലഭിച്ച പ്രോജക്ടുകൾക്ക് ഓരോന്നിനും എത്ര കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

സി) അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഡി) ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത് ;

ഡി) അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുള്ള അനുമതി ലഭ്യമായ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കി വരുന്നു.

ഇ) പാക്കേജ് സമയബന്ധിതമായി നടപ്പാക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഇ) ചീഫ് സെക്രട്ടറി ചെയർമാനായ കോ-ഓർഡിനേഷൻ കമ്മിറ്റിയും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായ ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. കുട്ടനാടിന്റെ

അന്യാദൃശ്യമായ പരിസ്ഥിതി സംരക്ഷിക്കുന്നതിന് കുട്ടനാടിനെ സ്പെഷ്യൽ അഗ്രികൾച്ചർ സോൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നു. കുട്ടനാട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഒരു കുട്ടനാട് ഡവലപ്മെൻറ് അതോറിറ്റി രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

# പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 126 — 05/07/2010-ൽ മറുപടിക്ക്

## പട്ടികജാതി-പട്ടികവർഗ്ഗ കടാശ്വാസ പദ്ധതി

**ചോദ്യം**

ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആർ. സെൽവരാജ്:
ശ്രീ. എം.കെ. പുരുഷോത്തമൻ:
ശ്രീ. വി.ചെന്താമരാക്ഷൻ:

**ഉത്തരം**

ശ്രീ. എ. കെ. ബാലൻ
(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ). പട്ടികജാതി - പട്ടികവർഗ്ഗ - പരിവർത്തിത ക്രൈസ്തവർക്ക് കടാശ്വാസം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) 12/11/2009-ലെ സർക്കാർ ഉത്തരവ് G.O.(P)100/2009/പജപവവിവ പ്രകാരം സംസ്ഥാനത്തെ പട്ടികജാതി / പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ,സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിതള്ളുന്നതിന് താഴെ പറയുന്ന നിബന്ധനകളോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

( ....2)

| | |
|---|---|
| | 1. 31/03/2006-ൽ തിരിച്ചടവു കാലാവധി കഴിഞ്ഞ 25,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുകയുണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയായിരിക്കും.<br>2. 25,000/- രൂപയ്ക്ക് മുകളിലുള്ളതും, കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യസ്ഥാപനങ്ങൾക്കു നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപ വരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പിഴ പലിശ, വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാധ്യതയായിരിക്കും.<br>3. വായ്പക്കാരന്റെ വാർഷികവരുമാന പരിധി 1.50 ലക്ഷം രൂപയായിരിക്കും.<br>4. 31/03/2009 വരെയുള്ള പലിശ സർക്കാരിൽ നിന്നുള്ള നഷ്ട പരിഹാരത്തിന് കണക്കാക്കാവുന്നതാണ്. പദ്ധതിയിൽ ഉൾപ്പെട്ട് തീർപ്പാക്കുന്ന വായ്പകളിൽ 1-4-2009-ന് ശേഷം പലിശയോ പിഴ പലിശയോ ഈടാക്കാവുന്നതല്ല.<br>5. ഇതുമൂലമുണ്ടാകുന്ന നഷ്ടപരിഹാരം മൂന്ന് വർഷംകൊണ്ട് സർക്കാരിൽ നിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.<br>6. ഒരു ഗുണഭോക്താവിന്റെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം പരിഗണിക്കപ്പെടുകയുള്ളൂ.<br>7. വായ്പക്കാരൻ വായ്പ എടുത്ത സമയത്ത് അപേക്ഷയോടൊപ്പം ജാതി സർട്ടിഫിക്കേറ്റ്, വരുമാന സർട്ടിഫിക്കേറ്റ്, എന്നിവ ഹാജരാക്കിയിട്ടില്ലാത്ത പക്ഷം അവ ഹാജരാ ക്കേണ്ടതാണ്. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) പദ്ധതി നടപ്പാക്കുന്നതിനായി വിവിധ കോർപ്പറേഷനുകളുടെയും സർക്കാർ വകുപ്പുകളുടെയും മേധാവികളുമായും ബന്ധപ്പെട്ട് വായ്പ കുടിശ്ശിക വരുത്തിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ലിസ്റ്റ് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെടുകയും സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിച്ച് തയ്യാറാക്കി അയച്ചുതന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ 25,000/- രൂപ വരെയുള്ള വായ്പ കുടിശ്ശിക എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം ബന്ധപ്പെട്ട വകുപ്പുകൾ/ സ്ഥാപനങ്ങൾ പ്രപ്പോസലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുവാൻ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 7728.34 ലക്ഷം രൂപ നൽകുകയും വിതരണ ഏജൻസിയായി പ്രഖ്യാപിക്കുകയും ചെയ്തു. |
| (സി) പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ട് എന്നും കടാശ്വാസമായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് എന്നും വെളിപ്പെടുത്തുമോ; | (സി) ഇതുവരെയായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും പദ്ധതിയുടെ പ്രയോജനം 13847 പേർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത കോർപ്പറേഷന് സർക്കാർ 641.19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന പരിവർത്തിത വികസന കോർപ്പറേഷന് അർഹരായ 817 ഗുണഭോക്താക്കൾക്കായി 116.27 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ഡി). പദ്ധതി പ്രകാരം കുടിശിക തീർക്കുന്നവർക്ക് കാലതാമസമില്ലാതെ പണയാധാരം തിരികെ ലഭിക്കു ന്നതിന് നടപടി സ്വീകരി ക്കുമോ; | (ഡി). കടാശ്വാസ പദ്ധതി പ്രകാരം വായ്പാ കണക്കുകൾ അംഗീകരിച്ചു നൽകിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളുടേയും അക്കൗണ്ടുകൾ അവസാനിപ്പിച്ച് പണയാധാരങ്ങൾ തിരികെ നൽകുന്നതിനുള്ള നടപടി കൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 127 — 05.07.2010-ൽ മറുപടിയ്ക്ക്

**സംയോജിത പച്ചക്കറി കൃഷി പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ:<br>ശ്രീ. എ. പ്രദീപ് കുമാർ:<br>ശ്രീ. വി.ജെ.തങ്കപ്പൻ:<br>ശ്രീ. സാജു പോൾ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) സംയോജിത പച്ചക്കറിക്കൃഷി പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 150 പഞ്ചായത്തുകളിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. |
| ബി) ഇതിനായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ട്; | (ബി) 297 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുള്ളത്. ഇതു കൂടാതെ ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ, ദേശീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിലും പച്ചക്കറിക്കൃഷിക്ക് തുക വകയിരുത്തിയിട്ടുണ്ട്. ഇതെല്ലാം ചേർന്ന് 14 കോടിയിലേറെ രൂപ ലഭ്യമാക്കി. |
| സി) എത്ര ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ഈ പദ്ധതി പ്രകാരം ഏകദേശം 50,000 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മറ്റു പദ്ധതികളുൾപ്പെടെ ഒരു ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| ഡി | പച്ചക്കറിക്കൃഷിക്ക് ആവശ്യമായ വിത്തുകളും പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്.<br>കർഷകർക്ക് ആവശ്യമായ പച്ചക്കറി വിത്തുകളും തൈകളും വിതരണം ചെയ്യുന്നതിന് കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ, കേരള സ്റ്റേറ്റ് സീഡ് അതോറിറ്റി എന്നീ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 25 ലക്ഷം പച്ചക്കറി തൈകൾ വി.എഫ്.പി.സി.കെ സൗജന്യമായി നൽകുന്നു. |
| ഇ | പച്ചക്കറിക്കൃഷിക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഇ) | പച്ചക്കറിക്കൃഷിക്കു വേണ്ടിയുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും ചെറുകിട യന്ത്രങ്ങൾ, വിത്ത്, വളം, കീട നാശിനി എന്നിവ വാങ്ങുന്നതിനും, ജലസേചന സൗകര്യങ്ങളുണ്ടാക്കുന്നതിനും വേണ്ടി ഹെക്ടറൊന്നിന് 15,000/-രൂപ നിരക്കിൽ ആനുകൂല്യം കർഷക ഗ്രൂപ്പുകൾക്ക് നൽകുന്നതാണ്. |
| എഫ് | സ്കൂളുകളിൽ പദ്ധതിയുടെ ഭാഗമായി പച്ചക്കറികൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) | നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 500 സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉൽപ്പാദനോപാധികൾ സംഭരിക്കുന്ന തിനും, ഉപകരണങ്ങൾ വാങ്ങുന്നതിനും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പരിശീലനം നൽകുന്നതിനുമായി 2,500/- രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നതാണ്. ജലസേചന സൗകര്യം ഇല്ലാത്ത സ്കൂളുകളിൽ ജലസേചന സൗകര്യം ഒരുക്കുന്നതിന് പി.റ്റി.എ. യുമായി |

| | | |
|---|---|---|
| | | ചേർന്ന് സംവിധാനം ഉണ്ടാക്കു-വാൻ സഹായിക്കും. കുട്ടികളിൽ കൃഷിയോട് ആഭിമുഖ്യം വളർത്താൻ സ്കൂളുകളിൽ പരിപാടികൾ സംഘടി പ്പിക്കുകയും അവർക്ക് പച്ചക്കറി വിത്തുകളുടെ കിറ്റുകൾ വി.എഫ്. പി.സി.കെ. വിതരണം ചെയ്യു വരുന്നുമുണ്ട്. |
| ജി | ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള പച്ചക്കറി വികസന പദ്ധതിയുടെ ഈ വർഷത്തെ പ്രവർത്തനലക്ഷ്യം വ്യക്തമാ ക്കുമോ? | (ജി) പച്ചക്കറികളുടെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ഈ വർഷം 50,000 ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുക എന്ന താണ് ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായുള്ള പച്ചക്കറി വികസന പദ്ധതിയുടെ പ്രവർത്തന ലക്ഷ്യം. എല്ലാ പദ്ധതികളിലുമായി ഒരു ലക്ഷം ടൺ പച്ചക്കറികൾ അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 128 — 05.07.2010-ൽ മറുപടിയ്ക്ക്

**ജൈവ കൃഷി പ്രോത്സാഹിപ്പിക്കാൻ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതി**

| *ചോദ്യം* | *മറുപടി* |
| --- | --- |
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. യു.സി. രാമൻ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ ആവിഷ്കരിച്ചു നടപ്പാക്കുന്ന പദ്ധതികളെന്തെല്ലാമാണ്; അതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ 2010-2011 സാമ്പത്തികവർഷത്തിൽ ആവിഷ്കരിച്ചു നടപ്പാക്കുന്ന ജൈവ കാർഷിക പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാനം ഒരു ജൈവനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു ഓർഗാനിക് കേരളാ മിഷനും രൂപം നൽകും.<br><br>ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ട് നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗവിളകൾ, സുഗന്ധവിളകൾ എന്നീ കൃഷികൾ ജൈവമാർഗം നടപ്പാക്കുന്നതാണ്. എല്ലാ ജില്ലകളിലുമായി 20 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പാക്കുന്നതാണ്. ആകെ 900 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിന് 90 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ തെരഞ്ഞെടുക്കുന്ന 20 ബ്ലോക്കുകളിൽ 200 ലക്ഷം രൂപ മുതൽ മുടക്കിൽ ഹോർട്ടികൾച്ചർ മിഷൻ വഴി ജൈവകൃഷി നടപ്പാക്കാനും പദ്ധതിയുണ്ട്.<br><br>ബോധവൽക്കരണം, പ്രചാരണം, സെമിനാറുകൾ, ഗ്രൂപ്പ് ചർച്ചകൾ, കൃഷിയിടങ്ങളിലെ സന്ദർശനം തുടങ്ങിയവയ്ക്കായി ആകെ 10 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി ജൈവവളം, കീടനാശിനി ഉൽപ്പാദനം അവയുടെ ഗുണനിലവാര പരിശോധന എന്നിവയ്ക്ക് പരിശീലനം നൽകുന്നതാണ്. |

| | |
|---|---|
| ബി) ജൈവകീട നിയന്ത്രണ പദ്ധതികളെക്കുറിച്ച് കർഷകരിൽ അവബോധം വളർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ; | (ബി) ജൈവകീടനാശിനി ഉൽപ്പാദനം, സംയോജിത കീട നിയന്ത്രണ മാർഗങ്ങൾ എന്നിവയുടെ പരിശീലന പരിപാടികൾ ജൈവകാർഷിക പദ്ധതി പ്രകാരം നടപ്പിലാക്കുന്നുണ്ട്. രാസകീടനാശിനികളുടെ ഉപയോഗം പാടേ ഉപേക്ഷിക്കുക എന്നതാണ് പദ്ധതിയുടെ ഒരു പ്രധാന ലക്ഷ്യം. |
| സി) ജൈവകൃഷിയിലൂടെയുള്ള ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കർഷകർക്ക് ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) ജൈവകൃഷിയിൽ നിലവിലുള്ള പുതിയ സങ്കേതങ്ങൾ സംബന്ധിച്ചും വിളവെടുപ്പാനന്തര മാനേജ്മെന്റ് സംബന്ധിച്ചും കർഷകർക്ക് പരിശീലനം നൽകുക, ജൈവോൽപ്പന്നങ്ങൾ സാക്ഷ്യപ്പെടുത്തുക തുടങ്ങിയ നടപടികളിലൂടെ കർഷകർക്ക് ന്യായവില ലഭ്യമാക്കാനുള്ള ഘടകങ്ങൾ ഈ വർഷം നടപ്പിലാക്കുന്ന ജൈവകാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) വിദേശ കമ്പോളങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുന്നതിന് സാധാരണക്കാരായ കർഷകർക്കും സൗകര്യം ലഭിക്കുന്നതിന് കൂടുതൽ ഏജൻസികളെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) വിഷവിമുക്തമായ ജൈവ ഉൽപ്പന്നങ്ങൾ നമ്മുടെ ജനത ഉപയോഗിച്ച് രോഗരഹിത സമൂഹം സൃഷ്ടിച്ചെടുക്കുക എന്നതാണ് ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ജൈവോൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിലൂടെ വിറ്റഴിക്കാനാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. വിദേശ കമ്പോളങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കുക തുടങ്ങിയ കാര്യങ്ങളിലുള്ള ഇടപെടൽ സംബന്ധിച്ച് പദ്ധതിയുടെ തുടർഘട്ടങ്ങളിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.129 — 5/7/2010-ൽ മറുപടിയ്ക്ക്

## ഇ.എസ്.ഐ. പദ്ധതി മുഖേന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ :<br>ശ്രീ. എ.എം.യൂസഫ് :<br>ശ്രീ. കെ.കെ.ജയചന്ദ്രൻ :<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ : | ശ്രീ. പി.കെ.ഗുരുദാസൻ<br>(എക്സൈസും തൊഴിലും വകുപ്പുമന്ത്രി) |
| (എ) ഇ.എസ്.ഐ. പദ്ധതി മുഖേന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) ഇ.എസ്.ഐ. പദ്ധതി മുഖേന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ക്യാഷ് ലെസ്സ് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനായി ശ്രീ ചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം, റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം, അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം, മലബാർ കാൻസർ സെന്റർ, തലശ്ശേരി എന്നിവക്കു പുറമേ സംസ്ഥാനത്തെ 56 സർക്കാർ/സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ പുതുതായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

2. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് അവരുടെ പോക്കറ്റിൽ നിന്ന് ഒരു രൂപ പോലും ചെലവഴിക്കാതെ ഇ.എസ്.ഐ. ആശുപത്രിയിൽ ലഭ്യമല്ലാത്ത എല്ലാ സേവനങ്ങളും സുഗമമായി ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ കേരളത്തിലങ്ങോളമിങ്ങോളം 27 ആശുപത്രികളുമായി, ക്യാഷ് ലെസ്സ് സ്പെഷ്യാലിറ്റി ചികിത്സ നടപ്പാക്കുന്നതിനുള്ള കരാറിൽ, ഇ.എസ്.ഐ. കോർപ്പറേഷൻ ഏർപ്പെട്ടു കഴിഞ്ഞു.

3. തൊഴിലാളികളുടെ ആശ്രിതർക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിൽ ഏർപ്പെടുത്തിയിരുന്ന ഒരു ലക്ഷം രൂപ എന്ന പരിധി എടുത്തുകളഞ്ഞിട്ടുണ്ട്

4. ഇ.എസ്.ഐ. കോർപ്പറേഷന്റെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ള സവിശേഷവും സമഗ്രവുമായ ആശുപത്രി വികസന കമ്മിറ്റികൾ സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും നിലവിൽ വന്നിട്ടുണ്ട്.

5. സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും ലഭിച്ച ആറര കോടി രൂപ ഉപയോഗിച്ച് 7 ആശുപത്രികളുടെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

6. പ്ലാൻ ഫണ്ട് വിനിയോഗം ചെയ്ത് അത്യാഹിത വിഭാഗം പരിഷ്ക്കരിക്കുകയും നമ്മുടെ സമൂഹത്തിൽ വ്യാപക

മായിക്കൊണ്ടിരിക്കുന്ന പ്രമേഹരോഗ നിർണ്ണയ സംവിധാനം 137 ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ സാധ്യമാക്കുന്ന പദ്ധതി നടപ്പിൽ വരുത്തുകയും ചെയ്തു. 2009-2010 കാലയളവിലെ പദ്ധതി വിഹിതം ഉപയുക്തമാക്കി സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആസ്ത്മാ ചികിത്സയ്ക്കാവശ്യമായ നെബുലൈസറും, സിറിഞ്ചുകളുടെയും നീഡിലുകളുടെയും ദുരുപയോഗം തടയുന്നതിനാവശ്യമായ നീഡിൽ & സിറിഞ്ച് ഡിസ്ട്രോയറും വാങ്ങി നൽകിക്കഴിഞ്ഞു.

7. ആംബുലൻസ് സൗകര്യമുള്ള അഞ്ച് ആശുപത്രികൾക്ക് പുറമേ പുതുതായി 5 ആശുപത്രികൾക്കു കൂടി ആംബുലൻസുകൾ വാങ്ങി നൽകി കൂടാതെ ഒരു സ്റ്റോർ വാനും വാങ്ങി നല്കി.

8. ഇ.എസ്.ഐ. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സുതാര്യതയോടും സുഗമമായും ലഭ്യമാക്കുന്നതിനും 'പ്രോജക്ട് പഞ്ചദീപ്' എന്ന പേരിൽ ബൃഹത്തായ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്.

9. മരുന്നു വിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് വർഷത്തിൽ രണ്ടു തവണ മരുന്നു വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) ഈ സർക്കാർ വന്നശേഷം ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ അംഗസംഖ്യയിൽ എത്രമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ; | (ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ എണ്ണം 3,95,153 ആയിരുന്നു. ഇപ്പോൾ 7,77,672 ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് 3,82,519 ഐ.പി. കളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (സി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സ്വകാര്യ ആശുപത്രികളിൽ സൗജന്യ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്ന പദ്ധതി വിജയകരമാണോ എന്ന് വ്യക്തമാക്കുമോ; | (സി) ഈ പദ്ധതി പൂർണ്ണമായും വിജയകരമാണ്. |
| (ഡി) ഇ.എസ്.ഐ. യുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ? | (ഡി) ഇ.എസ്.ഐ.സി. യുടെ ആഭിമുഖ്യത്തിൽ പാരിപ്പള്ളിയിൽ മെഡിക്കൽ കോളേജും എഴുകോണിൽ ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 130 — 5.7.2010 ൽ മറുപടിയ്ക്ക്

## നെൽകൃഷി വ്യാപകമാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ. എ.എ. ഷുക്കൂർ :<br>ശ്രീ. എം. മുരളി : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപകമാക്കുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (എ) സംസ്ഥാനത്ത് നെൽകൃഷി കൂടുതൽ സ്ഥലങ്ങളിൽ വ്യാപകമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി, ആർ.കെ.വി.വൈ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി തരിശുനില പദ്ധതിയും കരനെൽകൃഷി പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) കഴിഞ്ഞവർഷം നെൽകൃഷി നടത്തിയിരുന്നതിനെക്കാൾ എത്ര ഹെക്ടർ സ്ഥലത്ത് അധികമായി നെൽകൃഷി വ്യാപിപ്പിക്കാനാണ് ഈ വർഷം ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കുമോ ; | (ബി) കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് 12000 ഹെക്ടർ കരപ്രദേശത്തും 14000 ഹെക്ടർ തരിശു നിലങ്ങളിലും അധികമായി നെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിക്കായി കൃഷി വകുപ്പ് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ; | (സി) കരനെൽകൃഷിക്ക് സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ 3 കോടി രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ 3 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തരിശുനില പദ്ധതിക്ക് സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിൽ 2 കോടി രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ 12 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

(ഡി) പ്രസ്തുത പദ്ധതിയിൻകീഴിൽ ഓരോ ബ്ലോക്കിലും കൂടുതലായി നെൽകൃഷി വ്യാപിപ്പിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഏറ്റവും കുറഞ്ഞത് എത്ര സ്ഥലത്താണ് ഇത്തരത്തിൽ അധികമായി കൃഷി നടത്തേണ്ടതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഉണ്ട്. വിവിധ വകുപ്പുകൾ, വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പു വരുത്തി ഓരോ ബ്ലോക്കിലും കുറഞ്ഞത് ഒരു ഹെക്ടർ കരഭൂമിയെങ്കിലും കൃഷിയോഗ്യ മാക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്താൻ എന്തൊക്കെ സംവിധാനങ്ങളാ ണുള്ളതെന്ന് അറിയിക്കുമോ ?

(ഇ) സംസ്ഥാനത്ത് ഒരു പാഡിമിഷനും ഡയറക്ടറേറ്റിൽ ഒരു പാഡിസെല്ലും പ്രവർത്തിക്കുന്നു. കരനെൽകൃഷി പദ്ധതി, തരിശുഭൂമി പദ്ധതി തുടങ്ങി നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികളുടെ പുരോഗതി പ്രധാനമായും കൃഷിഭവൻ തലത്തിൽ കൃത്യമായും വിലയിരുത്തുന്നുണ്ട്. ഇതിനുപരിയായി ബ്ലോക്കു തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ആഫീസർമാരും പദ്ധതികളുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് സമർപ്പിക്കാറുണ്ട്. സംസ്ഥാന തലത്തിൽ കൃഷി ഡയറക്ടർ എല്ലാ മാസത്തിലും ടി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തു വരുന്നു.

ഈ വർഷത്തെ നെൽകൃഷി പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റ്, ജില്ല, ഗ്രാമം എന്നീ മൂന്നു തലങ്ങളിലായി മോണിറ്ററിംഗ് ടീമിനെ സജ്ജമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **131**

05.07.2010 - ലെ മറുപടിക്ക്

## കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ.സി.കെ. സദാശിവൻ<br>ശ്രീ. പി. വിശ്വൻ<br>ശ്രീ. സി.എം. ദിനേശ്മണി | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | **(എ)** ജീവനക്ഷമമായ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്ന പദ്ധതി പ്രകാരം 505 കയർ സഹകരണ സംഘങ്ങൾക്ക് സ്ഥിരമൂലധനമായും പ്രവർത്തന മൂലധനമായും 2382.69 ലക്ഷം രൂപ അനുവദിയ്ക്കുകയും ആയതിലൂടെ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും ഉല്പാദനവും മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ 565 സഹകരണ സംഘങ്ങളുടെ 31.3.06 വരെയുള്ള സർക്കാർ വായ്പയും പലിശയും (2255.19 ലക്ഷം രൂപ) സർക്കാർ ഓഹരിയാക്കി മാറ്റി അവയുടെ സാമ്പത്തിക നില ഭദ്രമാക്കി. NCDC വായ്പ സർക്കാർ ഓഹരിയാക്കി മാറ്റുകയും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും ചെയ്തു. സംഘം തൊഴിലാളികൾക്ക് സംഘം നൽകേണ്ട ത്രിഫ്റ്റ്, ഷെയർ, പിരിഞ്ഞുപോയ ജീവനക്കാർക്ക് നൽകേണ്ട ഗ്രാറ്റുവിറ്റി എന്നീ ബാദ്ധ്യതകൾ ഏറ്റെടുക്കുകയും ഇവയ്ക്കായി 2009-10, 2010-11 വർഷങ്ങളിലായി 969.41 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. ഏകദേശം 1.40 ലക്ഷം പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. കയർ കടാശ്വാസ പദ്ധതി പ്രകാരം 199 ചെറുകിട ഉല്പാദകർക്കും 91 സംഘങ്ങൾക്കുമായി 218 ലക്ഷം രൂപ 2009-10, 2010-11 വർഷങ്ങളി ലായി അനുവദിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം 2006-07 മുതൽ 2009-10 വരെ 185.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ |

| | |
|---|---|
| | സംഘങ്ങൾക്കാവശ്യമായ ചകിരി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു വരുന്നു. കൂടാതെ NCRMI വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ സംഘങ്ങൾക്ക് പൂർണ്ണമായും സൗജന്യനിരക്കിൽ നൽകി വരുന്നു. ഇതിനു പുറമെ അർഹതപ്പെട്ട സംഘങ്ങൾക്കെല്ലാം ഓഹരി പങ്കാളിത്തം അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് അവസാന വർഷ വി റ്റുവരവിന്റെ 10% പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവായി അനുവദിച്ചു വരുന്നു. ഇത് സംഘങ്ങളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉപയോഗിക്കാവുന്നതാണ്. കയർ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ കയർഫെഡ് മുഖാന്തിരം ഏറ്റെടുത്ത് വരുന്നു. കയർ പിരി സംഘങ്ങളിലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞത് 150 രൂപ കൂലി നിശ്ചയിച്ചു. |
| **(ബി) കയർ സഹകരണ സംഘങ്ങളിൽ നിന്നും കയറും കയറുല്പന്നങ്ങളും വാങ്ങി സംഭരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;** | **(ബി) കയർ സഹകരണ സംഘങ്ങളിൽ നിന്ന് കയർ ശേഖരിക്കുന്നതിന് കയർഫെഡിനെയും കയർ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് കയർ കോർപ്പറേഷനെയും ചുമതലപ്പെടുത്തി. ഇതുകൂടാതെ DPS (ഡിസ്ട്രസ് പർച്ചേസ് പദ്ധതി) പ്രകാരം 31.5.2010 വരെ 836.52 ലക്ഷം രൂപയുടെ കയറും കയർ ഉല്പന്നങ്ങളും ശേഖരിക്കുകയും 708.77 ലക്ഷം രൂപയുടെ കയറും കയറുല്പന്നങ്ങളും വിറ്റഴിക്കുകയും ചെയ്തു.** |
| **(സി) 2010-11 വർഷം കയർ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ചി ട്ടുണ്ടോ?** | **(സി)** ആവിഷ്ക്കരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളെയും കയർ മേഖലയെയും ശക്തിപ്പെടുത്തുന്നതിലേയ്ക്കായി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നതുമായ പ്രവർത്തനങ്ങൾ<br><br>1. തൊണ്ട് സംഭരണ പദ്ധതി<br>2. പുതിയതായി ചെറുതും വലുതുമായ ഡീഫൈബറിംഗ് മില്ലുകളുടെ സ്ഥാപനവും നിലവിലുള്ള മില്ലുകളുടെ പുനരുദ്ധാരണവും<br>3. കയർ മേഖലക്കാവശ്യമായ യന്ത്ര സാമഗ്രികൾ നിർമ്മിക്കുന്നതിന് ആലപ്പുഴയിൽ പുതിയ ഫാക്ടറി<br>4. സംഘങ്ങളെ ബാദ്ധ്യത വിമുക്തമാക്കുന്നതിലേയ്ക്കായി സംഘം നൽകേണ്ട |

| | |
|---|---|
| | ത്രിഫ്റ്റ്,ഷെയർ,ഗ്രാറ്റുവിറ്റി എന്നിവ തിരികെ നൽകുന്ന പദ്ധതി<br>5. കയർ സഹകരണ സംഘങ്ങൾ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പയ്ക്ക് കയർ കടാശ്വാസ പദ്ധതിയിലൂടെ പരിഹാരം<br>6. കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി കേരളാ കയർ മാർക്കറ്റിംഗ് കൺസോർഷ്യം<br>7. കയർ ഉല്പന്നങ്ങളുടെ വിപണനത്തിനായി ആഭ്യന്തര വിദേശ മേളകളിൽ പങ്കാളിത്തം<br>8. കയർ പിരി സംഘങ്ങളിലെ മിനിമം കൂലി 150 രൂപ<br>9. കയറിനും കയർ ഉല്പന്നങ്ങൾക്കും ബ്രാൻഡ് സർട്ടിഫിക്കേഷൻ<br>10. ആഭ്യന്തര വിദേശ വിപണികളിൽ കയർ ജിയോ ടെക്സ്റ്റയിൽസിന് പ്രചാരം<br>11. അന്താരാഷ്ട്ര കയർ എക്സിബിഷൻ & ട്രേഡ്ഫെയർ<br>12. എക്സിബിഷൻ, ഫെയറുകൾ സംഘടിപ്പിക്കൽ |
| **(ഡി) കയർ ഉല്പന്നങ്ങളുടെ ന്യായ വില ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?** | (ഡി) ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം കയർ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ സെക്രട്ടറി (കയർ) ചെയർപേഴ്സണും കയർ വികസന ഡയറക്ടർ കൺവീനറുമായി ബന്ധപ്പെട്ട എല്ലാ സംഘടനകളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് ക്രയവില സ്ഥിരതാ പദ്ധതി വില നിർണ്ണയ സമിതി പുനസംഘടിപ്പിച്ചു. ഈ കമ്മിറ്റി കാലാകാലങ്ങളിൽ കൂടി ഉല്പന്നങ്ങളുടെ വില നിർണ്ണയിച്ചു നൽകാറുണ്ട്. 7.6.2010 ൽ സമിതി യോഗം ചേർന്ന് ന്യായവില ഉറപ്പാക്കുകയും ചെയ്തു. ഇതുകൂടാതെ തൊഴിലാളികൾക്ക് 150 രൂപാ നിരക്കിൽ കൂലി നൽകുന്ന സംഘങ്ങളുടെയും സ്വകാര്യ വ്യക്തികളുടെയും കയർ ന്യായവില നൽകി സംഭരിക്കുവാനാൻ കയർഫെഡിനെ ചുമതലപ്പെടുത്തുകയും അതിനാവശ്യമായ പണം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>**സെക്ഷൻ ഓഫീസർ** |

# പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 132 05.07.2010 -ൽ മറുപടിയ്ക്ക്

**സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനായി വൈദ്യുതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ: | ശ്രീ.എ.കെ.ബാലൻ<br>(പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനായി വൈദ്യുതി വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ; | (എ)എം.എൽ.എമാരുടെ നേതൃത്വത്തിൽ എം.എൽ.എ ഫണ്ട്, എം.പി ഫണ്ട്, തദ്ദേശസ്വയംഭരണ ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ, ആർ.ജി.ജി.വി. വൈ പദ്ധതി (Rajiv Gandhi Grammeen Vydhyudhikaran Yojana) എന്നിവയെല്ലാം ചേർത്താണ് മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) വരെ ബോർഡിന്റെ നോർമൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണ പ്രവർത്തനം പൂർത്തീകരി |

ക്കുന്നതാണ്. കൂടാതെ 10 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിയ്ക്കുന്ന പദ്ധതികൾ ഉള്ള നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച ഒരു കോടി രൂപയ്ക്ക് പുറമെ പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്.

| | |
|---|---|
| (ബി) ഇതു വരെ എത്ര നിയമസഭാ മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി എന്ന് വെളിപ്പെടുത്തുമോ; | (ബി) 40 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ; | (സി) 23.75 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. |
| (ഡി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പ്രത്യേക സഹായം ലഭിച്ചിട്ടുണ്ടോ; | (ഡി) കേന്ദ്ര സർക്കാരിന്റെ BRGF (Backward Regions Grant Fund) ഫണ്ട് 243 ലക്ഷം രൂപ പാലക്കാട് ജില്ലാ വൈദ്യുതീകരണത്തിനായി ഉപയോഗിക്കുകയുണ്ടായി കൂടാതെ വൈദ്യുതി എത്തിയിട്ടില്ലാത്ത എല്ലാ ഗ്രാമങ്ങളും വൈദ്യുതീകരിയ്ക്കുക എന്ന ലക്ഷ്യവുമായി തുടങ്ങിയ കേന്ദ്ര ഗവൺമെന്റിന്റെ ആർ.ജി.ജി.വി.വൈ പദ്ധതി ഇടുക്കി ജില്ലയിൽ നടപ്പിലാക്കി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട്, എന്നീ ജില്ലകളിൽ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |
| (ഇ) വൈദ്യുതി മേഖലയിൽ സംസ്ഥാനത്തിന്റെ | ഇ) ഇൻഡ്യൻ ചേംബർ ഓഫ് |

കഴിഞ്ഞ 3 വർഷത്തെ പുരോഗതി ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സ് വിലയിരുത്തിയിട്ടുണ്ടോ, എങ്കിൽ വിശദാംശം നൽകുമോ?

കോമേഴ്സ് ഇൻഡ്യയിലെ വൈദ്യുതി യൂട്ടിലിറ്റികളുടെ കാര്യക്ഷമത സംബന്ധിച്ച് പഠിച്ച് പ്രഖ്യാപിച്ചിട്ടുള്ള പവർ എക്സലൻസ് അവാർഡ് കേരളത്തിന് ലഭിയ്ക്കുകയുണ്ടായി. വൈദ്യുതി മേഖലയുടെ പരിഷ്കരണം, സർക്കാർ സബ്സിഡി കുറച്ചു കൊണ്ടു വരൽ, റവന്യൂ കാര്യക്ഷമത, സാങ്കേതിക കാര്യക്ഷമത എന്നീ നാല് പ്രധാന പ്രവർത്തന മേഖലകളിൽ ഊന്നിയാണ് അവാർഡ് നിർണ്ണയിച്ചത്.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, റവന്യൂ കളക്ഷൻ തുടങ്ങിയ രംഗങ്ങളിൽ കേരളത്തിന്റെ പ്രകടനം ഏറെ മെച്ചപ്പെട്ടതാണെന്ന് ഇൻഡ്യൻ ചേംബർ ഓഫ് കോമേഴ്സിന്റെ പഠന റിപ്പോർട്ടിൽ പറയുന്നു.

S. Malathy
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. * 133

05.7.2010-ൽ മറുപടിയ്ക്ക്

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

ശ്രീ.ബി.രാഘവൻ :
ശ്രീ.എം.കെ.പുരുഷോത്തമൻ:
ശ്രീ.എം.എം.മോനായി:
ശ്രീ.കെ.വി.കുഞ്ഞിരാമൻ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

മറുപടി

ശ്രീ.പി.കെ.ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സമ്പൂർണ്ണ ആരോഗ്യ സുരക്ഷ ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ). കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ മാനദണ്ഡ പ്രകാരം കേരളത്തിലെ 11.79 ലക്ഷം ബി.പി.എൽ.കുടുംബങ്ങളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്. എന്നാൽ സംസ്ഥാന സർക്കാരിൻെറ കണക്കുകൾ പ്രകാരം 10 ലക്ഷം ദരിദ്ര കുടുംബങ്ങൾ കൂടി ഈ ആനുകൂല്യം ലഭിക്കാൻ അർഹരായുണ്ട്. ഇവർക്കും സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന മറ്റിതര വിഭാഗങ്ങൾക്കും പുറമേ എ.പി.എൽ കുടുംബങ്ങൾക്കും ഇതേ പ്രയോജനം ലഭിക്കത്തക്ക രീതിയിൽ കേരള സർക്കാർ ഈ പദ്ധതി വിപുലീകരിച്ച് സമഗ്ര

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (**Comprehensive Health Insurance Scheme - CHIS)** യായി 2008 ഒക്ടോബർ മുതൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ സവിശേഷതകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പദ്ധതിയിൽ ഇതിനകം എത്ര കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) ആദ്യവർഷം 11,78,022 കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. രണ്ടാം വർഷം 35 ലക്ഷം കുടുംബങ്ങളെ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2-7-2010 വരെ 10 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ ചേർന്നിട്ടുണ്ട്. എൻറോൾമെൻറ് നടപടികൾ എല്ലാ ജില്ലകളിലും പുരോഗമിക്കുകയാണ്.

(സി) എല്ലാ കുടുംബങ്ങൾക്കും സ്മാർട്ട്കാർഡ് നൽകിയിട്ടുണ്ടോ;

(സി) എല്ലാ കുടുംബങ്ങൾക്കും സ്മാർട്ട്കാർഡ് നൽകിവരുന്നുണ്ട്. എന്നാൽ സാങ്കേതിക പ്രശ്നങ്ങൾ കാരണം സ്മാർട്ട് കാർഡ് വിതരണത്തിൽ കാലതാമസം വന്നിട്ടുണ്ട്. ഇവ പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സൗജന്യ ചികിത്സ ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്;

(ഡി) പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള എല്ലാ സർക്കാർ, സ്വകാര്യ , സഹകരണ ആശുപത്രികളിൽ നിന്നും 30,000 രൂപ വരെയുള്ള ചികിത്സാ സൗജന്യം ലഭിക്കും. ആശു

പത്രിയിൽ കിടന്നുള്ള ചികിത്സയ്ക്കാണ് സൗജന്യ ചികിത്സ ലഭിക്കുക. എന്നാൽ ആധുനിക ചികിത്സാ
രീതികൾ ഉപയോഗപ്പെടുത്തി ആശുപത്രിയിൽ കിടക്കാതെ തന്നെ ചെയ്യാവുന്ന ചില ശസ്ത്രക്രിയകൾക്കും ഡയാലിസിസ് തുടങ്ങിയ ചികിത്സകൾക്കും ആശുപത്രിയിൽ കിടന്നില്ലെങ്കിലും ചികിത്സാ സൗജന്യം ലഭിക്കും. ചികിത്സക്കു പോകുമ്പോൾ സ്മാർട്ട് കാർഡ് നിർബന്ധമായും ഹാജരാക്കേണ്ടതുണ്ട്.

(ഇ) പദ്ധതിപ്രകാരം കൂടുതൽ ആശുപത്രികളിൽ നിന്നും ചികിത്സ ലഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുമോ?

(ഇ) കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:134 05.07.2010 ൽ മറുപടിയ്ക്ക്**

## വൈദ്യുതി മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോററി<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി<br>,, പിടിഎ. റഹീം<br>പ്രൊഫ. സി. രവീന്ദ്രനാഥ് | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;<br><br>ബി) ഈ സർക്കാർ അധികാരമേററശേഷം എത്ര കിലോമീററർ കെ.വി ലൈൻ കൂടുതലായി സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ; | എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി 9 പദ്ധതികളിൽ നിന്നും ആകെ 191.8 മെഗാവാട്ട് ശേഷി വർദ്ധിപ്പിക്കാൻ കഴിഞ്ഞു (Annexure - 1), പ്രസരണ മേഖലയിൽ 58, 33 കെ.വി സബ്സ്റ്റേഷനുൾപ്പെടെ 82 സബ്സ്റ്റേഷനുകളും അനുബന്ധമായി 813.902 കിലോമീററർ ലൈനുകളും സ്ഥാപിച്ചു (Annexure - 2). ഇത് കൂടാതെ 10168 കിലോമീററർ, 11 കെ.വി ലൈനും സ്ഥാപിച്ചിട്ടുണ്ട്. |
| സി) ഈ സർക്കാർ അധികാരമേററശേഷം എത്ര പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; | സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 18.42 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. |
| ഡി) സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ഡി) 40 നിയോജക മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. 23 മണ്ഡലങ്ങളിൽ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 58 മണ്ഡലങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആവശ്യമായ തുക ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നോ, ബഹുമാനപ്പെട്ട എം.പി./എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികളിലൂടെയോ സ്വരൂപിക്കേണ്ടതാണ്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾക്കായി എസ്റ്റിമേററ് തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) വരെ ബോർഡിന്റെ |

നോർമൽ ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്.

ഇ) സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിൽ എന്തുമാത്രം പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 66 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടതിൽ 29 എണ്ണം കമ്മീഷൻ ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 82 സബ്സ്റ്റേഷനുകൾ പുതിയതായി നിർമ്മിച്ചു.

എഫ്) ഇപ്പോൾ വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; ഇവിടെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

എഫ്) വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ കണ്ടെത്തുവാനും അത് പരിഹരിക്കുന്നതിനുമായി വോൾട്ടേജ് അദാലത്തുകൾ സംഘടിപ്പിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ലഭിച്ച 6711 പരാതികളിൽ 2610 പരാതികൾ പരിഹരിച്ച് കഴിഞ്ഞു. 161.22 കോടി രൂപയുടെ 1656 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മാണം, 2282 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, 2462 കിലോമീറ്റർ സിങ്കിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി മാറ്റുക തുടങ്ങിയ പ്രവർത്തികൾ ചെയ്യുവാൻ ലക്ഷ്യമിട്ടതിൽ 384.59 കിലോമീറ്റർ 11 കെ.വി ലൈൻ നിർമ്മിക്കുകയും 604 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 845 കിലോമീറ്റർ എൽ.റ്റി. സിങ്കിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയതുൾപ്പെടെയുള്ള 41 കോടി രൂപയുടെ പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : **135**

05.07.2010 - ലെ മറുപടിക്ക്

# കയർ മേഖലയിലെ ആധുനികവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വിശ്വൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എം.കെ. പുരുഷോത്തമൻ | **ശ്രീ. ജി. സുധാകരൻ**<br>**(സഹകരണവും കയറും വകുപ്പു മന്ത്രി)** |
| **(എ)** കയർ മേഖലയിൽ കാലാനുസൃതമായി ആധുനിക വൽക്കരണവും വൈവിദ്ധ്യ വൽക്കരണവും നടത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ: | **(എ)** കയർ മേഖലയുടെ ആധുനികവൽക്കരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>• ചകിരിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സഹകരണ മേഖല, കുടുംബശ്രീ, സി ഡി എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന ആരംഭിക്കുന്ന മില്ലുകൾക്ക് 75% പരമാവധി 25 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി വരുന്നു. നിലവിലുളള മില്ലുകളെ പുനരുദ്ധരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതി നും 75% പരമാവധി 15 ലക്ഷം രൂപ അനുവദിച്ചു വരുന്നു. പുതിയ ഡീഫൈബറിംഗ് മില്ല് ആരംഭിച്ച സ്വകാര്യ സംരംഭകർക്ക് ആകെ ഇൻവെസ്റ്റ്മെന്റിന്റെ 50% പരമാവധി 10 ലക്ഷം രൂപയും പുനരുദ്ധാരണത്തിന് 75% പരമാവധി 10 ലക്ഷം രൂപ വരെയും ഗ്രാന്റായി നൽകുന്നു.<br>• ഡീഫൈബറിംഗ് മില്ലുകൾ സാർവ്വത്രികമാക്കി ചകിരി ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത ചെറിയ തരത്തിലുളള ഡീഫൈബറിംഗ് മെഷീൻ സൗജന്യ നിരക്കിൽ |

| | |
|---|---|
| | സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ പ്രൈവറ്റ് മേഖല ഉൾപ്പെടെയുള്ളവർക്കും അനുവദിച്ചു വരുന്നു.<br>● 350 സംഘങ്ങളിലെ 7000 ത്തോളം തൊഴിലാളികൾക്ക് 3 വിവിധയിനം കയർ പിരിക്കുന്ന പരിശീലനവും മോട്ടോറൈസ്ഡ് റാട്ടുകളും നൽകി വരുന്നു.<br>● നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തെ 3 മേഖലകളിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. അധിക കേന്ദ്ര സഹായ പദ്ധതി പ്രകാരം 25 സ്പിന്നിംഗ് മെഷീനും 6 വീവിംഗ് മെഷീനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>● കയർ പിരി സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട സംഘങ്ങളുടെ തൊഴിലാളി കൾക്ക് കയർ ഭൂവസ്ത്ര പരിശീലനം നൽകി ഈ സംഘങ്ങളെ ഉൽപ്പാദക സംഘങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>● കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനിൽ വച്ച് NCRMI യുടെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്ക് പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ മൂർസോക്ക്, ഫൈബർ മാറ്റ്, ഫെൻഡർ എന്നിവ നിർമ്മി ക്കുന്നതിൽ വിദഗ്ദ്ധ പരി ശീലനം നൽകി വരുന്നു.<br>● ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ കയർ കോമ്പസിറ്റ് ബോർഡ് ഫാക്ടറിയുടെയും കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സങ്കരയാൺ ഫാക്ടറിയുടെയും ശിലാസ്ഥാപന കർമ്മം നിർവ്വഹിച്ചിട്ടുണ്ട്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ PVC tufted ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരി ച്ചിട്ടുണ്ട്.<br>● വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി NCRMI യുടെ ആഭിമുഖ്യത്തിൽ ഫോമിൽ വ്യവസായികാടിസ്ഥാനത്തിൽ കയർ പിത്ത് ഉപയോഗിച്ചിട്ടുള്ള ചെരുപ്പും ഉയർന്ന റബ്ബേജ് കയർ ഉപയോഗിച്ചുള്ള ബാഗും നിർമ്മിച്ചു വരുന്നു. |

| | |
|---|---|
| (ബി) ആലപ്പുഴയിൽ സ്ഥാപിക്കുന്ന കയർ യന്ത്ര നിർമ്മാണ ഫാക്ടറിയിൽ എന്തെല്ലാം യന്ത്രങ്ങളാണ് ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; | (ബി) ഡീഫൈബറിംഗ് മെഷീനുകൾ, സ്പിന്നിംഗ് മെഷീനുകൾ വീവിംഗ് മെഷീനുകൾ , വില്ലോയിംഗ് മെഷീനുകൾ, വിവിധ തരത്തിലുള്ള റാട്ടുകൾ, ലൂമുകൾ തുടങ്ങി കയർ മേഖലയ്ക്ക് ആവശ്യമായ എല്ലാത്തരം മെഷിനുകളും ആവശ്യാനുസരണം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) ഫാക്ടറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (സി) 2011 ജനുവരി മാസത്തോടുകൂടി ഫാക്ടറി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) കയർ മേഖലയിലെ യന്ത്രവൽക്കരണം സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ? | (ഡി) നിലവിലുള്ള തൊഴിലവസരങ്ങൾ സംരക്ഷിച്ചു കൊണ്ട് കൂടിയ ഉൽപ്പാദന ക്ഷമത ഈ മേഖലയിൽ വരത്തക്ക രീതിയിലുള്ള നിയന്ത്രിത യന്ത്രവൽക്കരണമാണ് ഉദ്ദേശിക്കുന്നത്. കയർ കമ്മീഷൻ റിപ്പോർട്ടിലും യന്ത്രവൽക്കരണം പ്രോത്സാഹിപ്പിച്ച് ഈ മേഖലയ്ക്ക് ഉണർവ് നൽകണമെന്നുള്ള ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്.<br><br>സെക്ഷൻ ഓഫീസർ |

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:136** **05.07.2010 ൽ മറുപടിയ്ക്ക്**

## വൈദ്യുതി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>„ കെ.കെ. ഷാജു<br>„ തോമസ് ചാണ്ടി | ശ്രീ. എ.കെ. ബാലൻ<br>പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി. |
| എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോഗവും, സ്ഥാപിത ശേഷിയും തമ്മിലുള്ള അന്തരം ആശങ്കാജനക മാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) 2009 - 10 വർഷത്തിൽ വൈദ്യുതിയുടെ പ്രതിദിന ശരാശരി ഉപഭോഗം 46.711 MU ആണ്. സംസ്ഥാനത്തെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള പ്രതിദിന ശരാശരി ഉത്പാദനം 28.62MU ആണ്. വൈകുന്നേരങ്ങളിലെ വൈദ്യുത ആവശ്യകത 2998 MW വരെ ഉയർന്നിട്ടുണ്ട്. |
| ബി) എങ്കിൽ സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്ത മാകുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) സംസ്ഥാനത്തെ വൈദ്യുതിയുടെ ആവശ്യകത ഇപ്പോൾ നിറവേറ്റുന്നതിന് സംസ്ഥാനത്തെ വൈദ്യുത പദ്ധതി കളിൽ നിന്നുള്ള വൈദ്യുതിയ്ക്ക് പുറമെ കേന്ദ്ര വിഹിതം, പവർ എക്സ്ചേഞ്ച്, പവർ ട്രേഡിംഗ് എന്നിവ വഴി വാങ്ങുന്ന വൈദ്യുതി എന്നിവയേയും ആശ്രയിക്കുന്നു. സംസ്ഥാനത്ത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. ഇവ കൂടാതെ ചീമേനിയിൽ 1320 mw ന്റെ താപവൈദ്യുത പദ്ധതിയും 1000 - 1100 MW ശേഷിയുള്ള പ്രകൃതി വാതക നിലയവും 1000 mw ന്റെ പ്രകൃതി വാതക നിലയം ബ്രഹ്മപുരത്തും സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. എനർജി മാനേജ്മെന്റ് സെന്റർ, എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടു കൂടി ഗാർഹിക മേഖലയിൽ ഊർജ്ജ ക്ലിനിക്, വ്യവസായങ്ങളിൽ ഊർജ്ജ ഓഡിററിംഗ്, കെട്ടിടങ്ങളിൽ ഇൻവെസ്റ്റ്മെന്റ് ഗ്രേഡ് എനർജി ഓഡിററ്, വിദ്യാലയങ്ങളിൽ ഊർജ്ജ സംരക്ഷണ |

| | | |
|---|---|---|
| | | ക്ലബ്ബുകൾ, പരിശീലന പരിപാടികൾ, ബോധവല്കരണ പരിപാടികൾ എന്നിവ നടത്തിവരുന്നു. കൂടാതെ പല ഗവേഷണ വികസന പ്രവർത്തനങ്ങളും നടത്തിവരുന്നു. പൊതുജനങ്ങളുടെ സഹകരണത്തോടുകൂടിയുള്ള ഊർജ്ജ സംരക്ഷണ പരിപാടികളിലൂടെ ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കൊടുക്കുകയും ഊർജ്ജ ലാഭം നേടുകയും ചെയ്യുന്നു. |
| സി) | സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേയ്ക്ക് പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ? | സി) എം.എൽ.എ. മാരുടെ . നേതൃത്വത്തിൽ എം.എൽ.എ ഫണ്ട്, എം.പി. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ ആർ.ജി.ജി വി.വൈ പദ്ധതി എന്നിവയെല്ലാം ചേർത്താണ് മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ അക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾക്കായി എസ്റ്റിമേററ് തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) വരെ ബോർഡിന്റെ നോർമൽ ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതാണ്. 40 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. 23 മണ്ഡലങ്ങളിൽ പണികൾ പുരോഗമിച്ചു വരികയാണ്. 58 മണ്ഡലങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 19 മണ്ഡലങ്ങളിൽ പ്രവർത്തനം ഇനിയും ആരംഭിയ്ക്കാനുണ്ട്. എം.എൽ.എ മാരുടെ സമ്പൂർണ്ണ പിന്തുണ വൈദ്യുതീകരണ പ്രവർത്തനത്തിന് ഉണ്ടാകേണ്ടതാണ്. |

സെക്ഷൻ ഓഫീസർ

4 അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.137

05.07.2010 ൽ മറുപടിയ്ക്ക്

## തരിശ് ഭൂമിയിലെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എ.അസീസ് : | ശ്രീ.മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| (എ) തരിശായി കിടന്നിരുന്ന എത്ര ഹെക്ടർ സ്ഥലമാണ് ഈ സർക്കാരിന്റെ കാലത്ത് കൃഷി യോഗ്യമാക്കി കൃഷി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) 2006-07 മുതൽ 2009-10 വരെ 31840 ഹെക്ടർ തരിശു നെൽവയലുകൾ കൃഷിയോഗ്യമാക്കിയിട്ടുണ്ട്. ഇവയിൽ പലതും പതിറ്റാണ്ടുകളായി തരിശായി കിടന്നിരുന്നതാണ്. |
| (ബി)അതിൽ എത്ര ഹെക്ടർ തരിശു ഭൂമിയിലാണ് നെൽകൃഷി ആരംഭിച്ചതെന്ന് അറിയിക്കുമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2006-07 സാമ്പത്തിക വർഷം മുതൽ നെൽകൃഷി മേഖലയിൽ കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ യൂണിറ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ കൃഷിയോഗ്യമാക്കിയ തരിശുനിലങ്ങളുടെ കണക്ക് ചുവടെ ചേർക്കുന്നു.<br>2006-07 - 5117 ഹെക്ടർ<br>2007-08 - 4318 ഹെക്ടർ<br>2008-09 - 13205 ഹെക്ടർ<br>(വിവിധ വകുപ്പുകളുടെ സഹകരണത്തോടെ)<br>2009-10 - 9200 ഹെക്ടർ<br>(വിവിധ വകുപ്പുകളുടെ സഹകരണത്തോടെ) |

(സി) തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കർഷകരെ കണ്ടെത്തിയത് എങ്ങനെയാണ്; അവർക്ക് സർക്കാർ തലത്തിൽ എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(സി) കൃഷിഭവൻ തലത്തിൽ അഗ്രോക്ലിനിക്കു മുഖാന്തരവും ഫീൽഡുതലത്തിൽ പരിശോധനയും നടത്തിയശേഷമാണ് മൂന്നു വർഷം വരെ തരിശിട്ട പാടങ്ങളെയും ഭക്ഷ്യസുരക്ഷ കണക്കിലെടുത്ത് ഒരു വർഷത്തിലധികം തരിശിട്ട പാടങ്ങളെയും കണ്ടെത്തിയത്. പഞ്ചായത്ത്, ബ്ലോക്കുതലത്തിൽ പ്രചാരണം നടത്തിയും തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കർഷകരെ കണ്ടെത്തിയിട്ടുണ്ട്. കൃഷി യോഗ്യമാക്കേണ്ട തരിശുനിലങ്ങളുടെ സ്ഥിതിവിശേഷം കണക്കിലെടുത്ത് ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ ഹെക്ടറിന് 5000 രൂപ മുതൽ 10000 രൂപ വരെയും സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിൽ ഹെക്ടറിന് 5000 രൂപയും സാമ്പത്തിക സഹായം നൽകിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. കേന്ദ്ര പദ്ധതിയായ RKVY പദ്ധതിയിൽ പ്രോജക്ടടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മുഴുവൻ സാമ്പത്തിക സഹായവും സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. വിത്ത് സൗജന്യ നിരക്കിലും മറ്റ് ഉൽപാദന ഉപാധികൾ സബ്സിഡി നിരക്കിലും നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന വിവിധ പദ്ധതികളിലൂടെയും തരിശുനില പദ്ധതിക്ക് സർക്കാർ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) കൃഷിയോഗ്യമായ തരിശുഭൂമികൾ ജില്ലകളിൽ ഇനിയും അവശേഷിക്കുന്നത് കണ്ടെത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

(ഡി) ഉണ്ട്. കൃഷി ഭവൻ അടിസ്ഥാനത്തിൽ പരിശോധന നടത്തുന്നു. കൃഷിയോഗ്യമായ തരിശുഭൂമികൾ കണ്ടെത്തുവാനും കൃഷി ചെയ്യുവാനും ചുമതലയുള്ള പ്രത്യേക ജില്ലാ സമിതികൾ

രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്ത് നിലവിലുള്ള നെൽപാടങ്ങളുടെയും തരിശിട്ടിരിക്കുന്ന കൃഷിയോഗ്യമായതും കൃഷിയോഗ്യമല്ലാത്തതുമായ നെൽപാട ങ്ങളുടെയും വിശദാംശം വില്ലേജു തലങ്ങളിൽ തയ്യാറാക്കി ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. ആയതുപ്രകാരം വില്ലേജു തലത്തിൽ എല്ലാ ജില്ലകളിലും സർവെ പുരോഗമിച്ചുവരുന്നു.

2010 ഡിസംബർ മാസത്തോടെ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കുന്നതോടെ കൃഷിയോഗ്യമായ തരിശുനിലങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 138** **5.07.2010 ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ നടപടി**

**ചോദ്യം**

ശ്രീമതി. ജെ അരുന്ധതി:
ശ്രീ.കെ.സി. കുഞ്ഞിരാമൻ :
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി.ശിവൻകുട്ടി:

**ഉത്തരം**
**ശ്രീ. എ.കെ. ബാലൻ**

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി

(എ) പട്ടികവിഭാഗങ്ങളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എ) സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച വിവരങ്ങൾ അനുബന്ധം ഒന്ന് ആയി ചേർക്കുന്നു.

(ബി) പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് ലഭിച്ചു വന്ന വിവിധ ആനുകൂല്യങ്ങളിൽ ഈ സർക്കാർ വന്നശേഷം എന്തു മാത്രം വർദ്ധനവ് വരുത്തിയിട്ടുണ്ട് ;

(ബി) 1.2.2008 ലെ സർക്കാർ ഉത്തരവ്(കൈ)നം.20/2008/പജ.പവ.വിവ പ്രകാരം അതുവരെ നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി തുടങ്ങിയവ 50% വർദ്ധിപ്പിച്ച് 1.4.2008 മുതൽ നൽകി വരുന്നു. പ്രീമെട്രിക് ഹോസ്റ്റൽ, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികളുടെ മെസ്സ് ചാർജ്ജ് യഥാക്രമം 1300 രൂപയായും 1500 രൂപയായും വർദ്ധിപ്പിച്ചു. സ്വകാര്യ ഹോസ്റ്റലിൽ താമസിച്ചു പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപ്പെന്റ് 1000 രൂപയിൽ നിന്ന് 1500 രൂപയായി വർദ്ധിപ്പിച്ചു. ട്രൈബൽ സ്കൂളുകളിലെയും വെൽഫെയർ സ്കൂളുകളിലേയും എൽ.പി. വിഭാഗത്തിലുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ യൂണിഫോം അലവൻസ് 250 രൂപയിൽ നിന്ന് 500 രൂപയായി വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ദുർഘട മേഖലയിൽ പ്രവർത്തിച്ചു വരുന്ന പെരിഫ്പതിക് സ്കൂൾ, സിംഗിൾ ടീച്ചർ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണ നിരക്ക് പ്രതിദിനം 10, 5 രൂപയിൽ നിന്നും 15 രൂപയായി വർദ്ധിപ്പിച്ചു.

(സി) വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടക്കമില്ലാതെ ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ;

(സി) വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടക്കമില്ലാതെ ലഭ്യമാക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രീമെട്രിക്തലത്തിൽ വിദ്യാഭ്യാസാനുകൂല്യം രണ്ട് ഗഡുകളായി നൽകി വരുന്നു. ആദ്യത്തെ അഞ്ച് മാസത്തെ ആനുകൂല്യം മുൻകൂറായി നൽകുന്നു. പോസ്റ്റ്മെട്രിക് തലത്തിലും ആദ്യത്തെ മൂന്നു മാസത്തെ തുക മുൻകൂറായി നൽകി വരികയായിരുന്നു. 2008-09 അധ്യയന വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ മുടക്കമില്ലാതെ അതാത് പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പിൽ ഇ-ഗ്രാന്റ്സ് എന്ന വെബ് അധിഷ്ഠിത പദ്ധതി പൈലറ്റ് പ്രോജക്ടായി ആലപ്പുഴ ജില്ലയിൽ നടപ്പാക്കി. 2009-10 അദ്ധ്യയനവർഷം മുതൽ പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പിൽ സംസ്ഥാനമൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കി.

(ഡി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടേയും ഹോസ്റ്റലുകളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ഡി) വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.

(ഇ) പ്രൊഫഷണൽ കോഴ്സുകളിൽ പട്ടികവിഭാഗങ്ങൾക്കുള്ള സംവരണ സീറ്റുകൾ നഷ്ടപ്പെടാതിരിക്കാനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ?

(ഇ) പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 10% (8 പട്ടികജാതി + 2 പട്ടികവർഗ്ഗം) സംവരണം പ്രവേശനത്തിന് ഏർപ്പെടുത്തിയിട്ടുണ്ട്. അവ ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകളിൽ (എം.ബി.ബി.എസ്) പട്ടികവർഗ്ഗ വിഭാഗക്കാരുടെ സംവരണ സീറ്റുകൾ നഷ്ടപ്പെടാതിരിക്കുന്നതിന് പ്രത്യേക പ്രവേശന പരീക്ഷ നടത്തി പ്രവേശനം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Bu...

സെക്ഷൻ ഓഫീസർ

ഞാനാവനൻ ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 139 — 05.07.2010-ൽ മറുപടിയ്ക്ക്

**കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ്.എം.തോമസ്:<br>ശ്രീ. സി.കെ.പി.പത്മനാഭൻ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. എം.ജെ.ജേക്കബ്: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) കർഷകരുടെ ക്ഷേമം ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം നൽകുമോ; | (എ) ഏറ്റവും പ്രധാനപ്പെട്ടവ കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയും കിസാൻ ശ്രീ ഇൻഷ്വറൻസ് പദ്ധതിയുമാണ്. പത്ത് വർഷത്തോളം കാർഷികവൃത്തിയിൽ വ്യാപൃതരാകുകയും കൃഷി മുഖ്യ ഉപജീവനമാർഗ്ഗവുമായിട്ടുള്ള കർഷകരെയാണ് കിസാൻ അഭിമാൻ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് ക്ഷേമ പദ്ധതികളുടെ പ്രയോജനം ലഭിക്കാത്തവരും കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരും ഒരു ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ളവരുമായ 60 വയസ് പൂർത്തിയായവരുമാണ് പദ്ധതിയിൽ അംഗമാകുന്നത്. ഇവർക്ക് 300/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ ലഭിക്കുന്നതാണ്. ആദ്യ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിൽ 13,696 നെൽ കർഷകർക്ക് അംഗത്വം നൽകിയിട്ടുണ്ട്. ഇവർക്ക് എ.ടി.എം. സൗകര്യവുമുണ്ട്. പദ്ധതിയംഗത്തിന്റെ ഒരു മകളുടെ വിവാഹത്തിനായി 25,000/- രൂപ ധനസഹായമായി നൽകുവാനും വ്യവസ്ഥയുണ്ട്. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകൻ മരണമടഞ്ഞാൽ പെൻഷൻ തുകയുടെ പകുതി പരേതന്റെ ഒരു ആശ്രിതന്/ ആശ്രിതയ്ക്ക് കുടുംബ പെൻഷനായി നൽകുന്നതാണ്. ഇന്ത്യയിൽ ആദ്യമായി കർഷകർക്കു പെൻഷൻ നൽകുന്ന പദ്ധതിയെന്ന പ്രത്യേകതയും ഇതിനുണ്ട്. |
| ബി) | 'കിസാൻ അഭിമാൻ' പദ്ധതിയിൽ എത്ര നെൽകർഷകർക്ക് പെൻഷൻ ലഭിക്കുന്നു എന്നു വെളിപ്പെടുത്തുമോ; | (ബി) | 13,696 നെൽകർഷകർക്ക് ഈ പദ്ധതിയിൻകീഴിൽ പെൻഷൻ ലഭിക്കുന്നുണ്ട്. |
| സി) | കൂടുതൽ വിഭാഗം കർഷകരെ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | പദ്ധതിയുടെ തുടർ ഘട്ടങ്ങളിൽ എല്ലാ വിഭാഗം കർഷകരേയും ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി നവംബർ ഒന്നു മുതൽ നാളികേര കർഷകർക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി) | "കിസാൻ ശ്രീ" ഇൻഷ്വ - റൻസ് പദ്ധതിയിൽ എത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) "കിസാൻ ശ്രീ" ഇൻഷ്വറൻസ് പദ്ധതിയിൽ 2008-09 വർഷത്തിൽ 5,20,836 കർഷകർ അംഗങ്ങളായി ഉണ്ടായിരുന്നു. 2009-10 വർഷത്തിൽ മരണമടഞ്ഞ കർഷകരെ ഒഴിവാക്കി 5,20,783 കർഷകർക്ക് വേണ്ടിയും 2010-11 വർഷത്തിൽ 5,20,423 കർഷകർക്ക് വേണ്ടിയും പോളിസി പുതുക്കുകയുണ്ടായി. |
| ഇ) | പദ്ധതി പ്രകാരം കർഷ കർക്ക് ലഭിക്കുന്ന ആനു കൂല്യങ്ങൾ എന്തെല്ലാമാ ണെന്ന് വെളിപ്പെടു ത്തുമോ; | (ഇ) കുന്നിൻ മുകളിൽനിന്നുള്ള വീഴ്ച, പ്രാണി കളുടെ കടി, പാമ്പുകടി, മൃഗാക്രമണം, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂമി കുലുക്കം, ചുഴലിക്കാറ്റ്, ഇടിമിന്നൽ മുതലായ പ്രകൃതി ദുരന്തങ്ങൾ കൂടാതെ അതിക്രമം, ഭീകരാക്രമണം മുതലായവ മൂലം മരണമോ സ്ഥിര അംഗ വൈക ല്യമോ സംഭവിച്ചാൽ കർഷകന്/ നോമിനിക്ക് നിശ്ചിത ആനുകൂല്യം ലഭിക്കു ന്നതാണ്. ആനുകൂല്യതുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>1. എല്ലാ തരത്തിലുമുള്ള അപകട മരണത്തിനും ഒരു ലക്ഷം രൂപ<br>2. രണ്ട് കൈ/കാൽ അഥവാ രണ്ടു കണ്ണിന്റെ കാഴ്ച ശക്തി എന്നിവ |

നഷ്ടപ്പെട്ടാൽ അഥവാ ഒരു കൈയുടെയോ/ഒരു കാലിന്റെയോ ഒപ്പം ഒരു കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടാൽ ഒരു ലക്ഷം രൂപ.

3. ഒരു കൈ/കാൽ അഥവാ ഒരു കണ്ണിന്റെ കാഴ്ചശക്തി നഷ്ടപ്പെട്ടാൽ അമ്പതിനായിരം രൂപ.
4. മേൽപ്പറഞ്ഞതിന് പുറമേ അപകടം മൂലമുണ്ടാകുന്ന സ്ഥിരം അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ.

പദ്ധതിയുടെ പ്രീമിയം കർഷകർക്കു വേണ്ടി ഗവൺമെന്റാണ് നൽകുന്നത്.

(എഫ്) ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

(എഫ്) ഇൻഷ്വറൻസ് പ്രീമിയം ഇനത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.പ്രീമിയം കുറപ്പിക്കുവാൻ കഴിഞ്ഞതുകൊണ്ട് തുടർ വർഷങ്ങളിൽ കുറവുണ്ടായി.

| | |
|---|---|
| 2007-08 | 83,33,376/-രൂപ |
| 2008-09 | 72,90,962/-രൂപ |
| 2009-10 | 62,45,076/-രൂപ |

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 140 05-07-2010-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.സി. കുഞ്ഞിരാമൻ<br>ശ്രീ. പി.കൃഷ്ണപ്രസാദ്<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി | | ശ്രീ.എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി.) |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആദിവാസികൾക്ക് എവിടെയെല്ലാം, എത്ര ഭൂമി വീതം അനുവദിച്ചു എന്ന് വ്യക്തമാക്കുമോ ; | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേന്ദ്ര വനാവകാശ നിയമം, ആദിവാസി പുനരധിവാസ വികസന മിഷൻ, റവന്യൂ വകുപ്പ് എന്നിവ മുഖേന 12112 ആദിവാസി കുടുംബങ്ങൾക്ക് 12526.54 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. റവന്യൂ വകുപ്പ് അയ്യായിരത്തോളം ആദിവാസി കുടുംബങ്ങൾക്ക് പട്ടയം/കൈവശരേഖ വേറെയും നൽകിയതായറിയുന്നു. കൃത്യമായ കണക്ക് തയ്യാറാക്കി വരുന്നു. കേന്ദ്ര വനാവകാശ നിയമ പ്രകാരം 16140 ആദിവാസി കുടുംബങ്ങൾക്ക് 24270 ഏക്കർ ഭൂമി സർവ്വെ പൂർത്തിയാക്കി വിതരണത്തിനു തയ്യാറായിട്ടുണ്ട്. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വയനാട് ജില്ലയിലും കണ്ണൂർ ജില്ലയിലുമായി 2100 ഏക്കർ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു . |
| ബി | വനാവകാശ നിയമ പ്രകാരം എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട് ; മൊത്തം എത്ര ഏക്കർ ഭൂമിയാണ് ഇപ്രകാരം വിതരണം ചെയ്തത് ; | **(ബി)യും (സി)യും**<br>കേന്ദ്ര വനാവകാശ നിയമം, റവന്യൂ വകുപ്പ്, ആദിവാസി പുനരധിവാസ വികസന മിഷൻ എന്നിവ മുഖേനയുള്ള ഭൂമി വിതരണത്തിന് ശേഷം 31-03-2010-ലെ കണക്കനുസരിച്ച് 14230 ഭൂരഹിതരായ ആദിവാസികൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. സർവ്വേ പൂർത്തീകരിച്ച 24374 ക്ലെയിമുകളിലായി 8234 പേർക്ക് 9131.248 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ബാക്കി ഭൂമി വിതരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച ഭൂമി ലഭിക്കുന്ന ആദിവാസി കുടുംബങ്ങൾക്കു പുറമെ 12000-ത്തോളം കുടുംബങ്ങൾക്കു കൂടി ഭൂമി കണ്ടെത്തേണ്ടതായുണ്ട്. ഇതിനായി സുപ്രീം കോടതിയുടെ പരിഗണനയിലുള്ള നെറ്റ് പ്രസൻറ് വാല്യു സംബന്ധിച്ച കേസ് തീർപ്പാകുന്ന മുറയ്ക്ക് അർഹതയുള്ള മുഴുവൻ ആദിവാസികളുടേയും ഭൂ വിതരണ പ്രശ്നം പരിഹരിക്കപ്പെടുന്നതാണ്. |
| സി | ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | |

| | | |
|---|---|---|
| ഡി | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആദിവാസികൾ നടത്തുന്ന ഭൂസമരം ഒത്തു തീർപ്പാക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ; | മുഖ്യമന്ത്രി ഇതിനു വേണ്ടി പ്രത്യേക യോഗം വിളിച്ചിട്ടുണ്ട്. |
| ഇ | ആദിവാസികൾക്ക് നൽകുന്ന-തിനായി ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള സർവ്വെ നടപടി ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br><br>2) ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>3) ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിന് ഭൂമി വാങ്ങുന്നതിന് ആദിവാസി പുനരധിവാസ വികസന മിഷന് ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് ബാധകമാക്കിയിട്ടുണ്ട്.<br><br>4) ഫാസ്റ്റ്ട്രാക്ക് പ്രോജക്ട് ഗൈഡ്ലൈൻസ് പ്രകാരം വയനാട് ജില്ലയിൽ ഭൂമി വാങ്ങുന്നതിന് ഭൂവുടമകളിൽ നിന്ന് ഓഫറുകൾ ക്ഷണിക്കുകയുണ്ടായി. ലഭിച്ചിട്ടുള്ള ഓഫറുകൾ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള സമിതി പരിശോധിച്ചു വരുകയാണ്. വയനാട് ജില്ലയിൽ ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 1000 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങുന്നതിലേക്ക് 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br><br>5) 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും പുനരധിവാസ സ്ഥാപനവും നിയമ പ്രകാരം ഭൂമി ഏറ്റെടുത്ത് വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>6) നെറ്റ് പ്രസന്റ് വാല്യൂ (NPV) വുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ സെൻട്രൽ എംപവേർഡ് കമ്മിറ്റിയുടെ പരിഗണനയിലുള്ള വനഭൂമി NPV ഒഴിവാക്കി വിട്ടുകിട്ടുന്നതിലേക്ക് ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അംഗങ്ങൾക്ക് ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 141 05.07.2010-ൽ മറുപടിയ്ക്ക്

## പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.സി.രവീന്ദ്രനാഥ്:<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. പി.ടി.എ.റഹീം: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |

എ) പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(എ) പച്ചക്കറിക്കൃഷി വ്യാപിപ്പിക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന വെജിറ്റബിൾ മിഷൻ രൂപീകരിച്ച് ഒരു സമഗ്ര പച്ചക്കറിക്കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി വനിത ഗ്രൂപ്പുകൾ സംഘടിപ്പിച്ചും വീട്ടുപറമ്പിൽ പച്ചക്കറിക്കൃഷി നടത്തുവാനും, ആർ.കെ.വി.വൈ പദ്ധതി മുഖേന പച്ചക്കറിക്കൃഷി നടത്തുവാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിത്തു മുതൽ വിപണനം വരെയുള്ള കാർഷികവൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് വിവിധ തരത്തിലുള്ള സഹായങ്ങൾ നൽകുന്നതിനായി VFPCK മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | വിവിധ പദ്ധതികളിലൂടെ എത്ര ഏക്കർ സ്ഥലത്ത് പച്ചക്കറി ക്കൃഷി വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2009 വർഷത്തിൽ 8912.5 ഏക്കർ (3,565 ഹെക്ടർ) സ്ഥലത്ത് പച്ചക്കറിക്കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ആയിരം പച്ചക്കറി ഗ്രാമങ്ങൾ പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് കൂടുതലായി പച്ചക്കറി കൃഷി നടത്തിയിട്ടുണ്ട്; | (സി) | ആയിരം പച്ചക്കറി ഗ്രാമ പദ്ധതി പ്രകാരം (2008-09, 2009-10) വർഷങ്ങളിൽ 4050 ഹെക്ടർ സ്ഥലത്ത് കൂടുതലായി പച്ചക്കറി ക്കൃഷി നടപ്പിലാക്കി യിട്ടുണ്ട്. |
| ഡി) | പച്ചക്കറിത്തൈകളും വിത്തുകളും സൗജന്യമായി വിതരണം ചെയ്യുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; | (ഡി) | നടപ്പു വർഷം നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിത്ത്, ജൈവ വളം, ജൈവ കീടനാശിനി, പന്തൽ എന്നീ ഘടകങ്ങൾക്കായി ഹെക്ടർ ഒന്നിന് 15,000/-രൂപയുടെ ആനുകൂല്യം നൽകുന്നതാണ്. സംസ്ഥാന സീഡ് അതോറിറ്റി, കേരള കാർഷിക സർവ്വകലാശാല, VFPCK എന്നിവിടങ്ങളിൽനിന്നും വിത്തുകൾ വിതരണം ചെയ്യുന്നുണ്ട്. |
| ഇ) | പച്ചക്കറിക്കൃഷിക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ പച്ചക്കറികൃഷിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 142** | **05.07.2010 - ൽ മറുപടിയ്ക്ക്** |

## കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ കൈവരിച്ച നേട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എൻ.വാസവൻ<br>ശ്രീ.എം.എം. മോനായി<br>ശ്രീ.എം.ചന്ദ്രൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും വകുപ്പു മന്ത്രി) |
| (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷൻ കൈവരിച്ച നേട്ടങ്ങൾ വ്യക്തമാക്കുമോ ; | (എ) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് കേപ്പ് വൻനേട്ടങ്ങളാണ് കൈവരിച്ചിരിക്കുന്നത്. സ്വാശ്രയ പ്രൊഫഷണൽ മേഖല ഏറ്റവും അധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന സ്ഥാപനം എന്ന നിലയിലേയ്ക്ക് സർക്കാർ സ്ഥാപനമായ കേപ്പ് ഉയർന്നു കഴിഞ്ഞു. ഇപ്പോൾ കേപ്പിൻെറ കീഴിലുള്ള പതിനൊന്ന് വിദ്യ്യാസ സ്ഥാപനങ്ങൾക്ക് മൊത്തം 2352 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള ശേഷിയുണ്ട്. രണ്ട് എൻജിനീയറിംഗ് കോളേജുകളും, ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും അടുത്ത വർഷം സ്ഥാപിതമാകുമ്പോൾ ഇത് 2960 ആയി വർദ്ധിക്കും. സർക്കാർ ഉടമസ്ഥതയിലോ സ്വകാര്യ ഉടമസ്ഥതയിലോ ഇത്രയധികം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം നിലവിൽ ഇല്ല. മൊത്തം സീറ്റുകളിൽ 50% സർക്കാർ ക്വാട്ടയിലും 35% മാനേജ്മെന്റ് ക്വാട്ടയിലും വരുന്ന സീറ്റുകൾ ( എം.ബി.എ, ജി.എൻ.എം ഡിപ്ലോമ, പി.ജി.ഡി.സി.എ എന്നിവയൊഴികെ) പ്രവേശന പരീക്ഷാ കമ്മീഷണർ/എൽ.ബി.എസ്സ് ആണ് അലോട്ട് ചെയ്യുന്നത്. ബാക്കി വരുന്ന 15% സീറ്റുകളിൽ കേപ്പ് നേരിട്ടാണ് പ്രവേശനം നടത്തുന്നത് |

അതും സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കിക്കൊണ്ട് മാത്രം. ഇങ്ങനെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് താങ്ങും തണലുമായി അവർക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയെടുക്കുന്നതിന് സഹായകമായ രീതിയിൽ സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുന്ന സർക്കാർ ഉടമസ്ഥതയിലുള്ള കേപ്പിന് വമ്പിച്ച സംഭാവനയാണ് ഈ രംഗത്ത് നൽകുവാൻ കഴിഞ്ഞത്.

(ബി) സഹകരണ അക്കാഡമിയ്ക്ക് കീഴിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ബി.ടെക്ക്, എം.ബി.ബി.എസ്, ബി.എസ്.സി. നേഴ്സിംഗ് കോളേജുകളിൽ ഈ വർഷം ഫീസ് നിരക്ക് കുറച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഫീസ് കുറച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| കോഴ്സ് | ക്വാട്ട | നിലവിലുള്ള ഫീസ് | പുതുക്കിയ നിരക്ക് |
|---|---|---|---|
| MBBS | SEBC | 40,000 | 37,000 |
| | State Merit | 90,000 | 87,000 |
| | Management Quota | 4,50,000 | 4,45,000 |
| B.S.c Nursing | Govt Quota | 40,000 | 35,000 |
| | Management quota | 78,000 | 75,000 |
| | NRI Quota | 1,50,000 | 1,00,000 |
| B.Tech | Govt Quota | 25,000 | 20,000 |

(സി) കേപ്പിൻെറ കീഴിലുള്ള സ്ഥാപനങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) 2010-11 വിദ്യാഭ്യാസ വർഷത്തിൽ പുന്നപ്രയിലും കിടങ്ങൂരിലും വടകരയിലുമുള്ള എൻജിനീയറിംഗ് കോളേജുകളിൽ യഥാക്രമം ബി.ടെക്(മെക്കാനിക്കൽ), ബി.ടെക്(സിവിൽ), എം.സി.എ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ AICTE യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) സഹകരണമേഖലയിൽ കൂടുതൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) സ്വീകരിച്ചു കഴിഞ്ഞു. ആറൻമുളയിലും പത്തനാപുരത്തും ഓരോ എൻജിനീയറിംഗ് കോളേജുകളും വടക്കൻ പറവൂരിൽ ഒരു മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും അടുത്ത വിദ്യാ

ഭ്യാസ വർഷം (2011-12)ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പുതിയ കെട്ടിടങ്ങളുടെ തറക്കല്ലിടൽ നടക്കുകയും അതിൻെറ പണികൾ ടെണ്ടർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആറു മാസത്തിനകം ഈ കെട്ടിട ങ്ങളുടെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീക രിച്ച് AICTEയുടെ അംഗീകാരം വാങ്ങുവാ നാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.143

05.07.2010 ൽ മറുപടിയ്ക്ക്

### ഭക്ഷ്യസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. സി.പി.മുഹമ്മദ് : | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തു നടപ്പാക്കി വരുന്ന ഭക്ഷ്യസുരക്ഷാ പദ്ധതിയിൻകീഴിൽ ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ; | (എ) ആഭ്യന്തര പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2009-2010 വർഷത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ഭക്ഷ്യ സുരക്ഷ പദ്ധതി പ്രകാരം തൃശ്ശൂർ, വയനാട്, പാലക്കാട്, മലപ്പുറം എന്നീ നാലു ജില്ലകളിൽ മൂന്നാംവിളക്കാലത്ത് തരിശ്ശായി കിടന്ന നെൽപ്പാടങ്ങളിൽ (1300 ഹെക്ടർ) പച്ചക്കറി കൃഷി നടപ്പിലാക്കുകയുണ്ടായി. 2010-2011 വർഷത്തിൽ സംസ്ഥാനത്തൊട്ടാകെ വനിതാ ഗ്രൂപ്പുകൾ മുഖേന 750 ഹെക്ടർ നെൽപ്പാടങ്ങളിൽ മൂന്നാം വിളക്കാലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതു കൂടാതെ തോട്ടങ്ങളിലും എസ്റ്റേറ്റുകളിലും ഇടവിളയായി 500 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാനും വീട്ടു വളപ്പുകളിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും പച്ചക്കറി വിത്തു കിറ്റുകൾ വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നു. |

(2)

ഇതിനു പുറമെ ഹോർട്ടികൾച്ചർ മിഷൻ വി.എഫ്.പി.സി.കെ, ആർ.കെ.വി.വൈ, ത്രിതല പഞ്ചായത്തു പദ്ധതികൾ തുടങ്ങിയവയിലൂടെയും പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു വരുന്നു. നെല്ലുല്പാദനത്തിന് 30 പ്രത്യേക പദ്ധതികൾ നടപ്പാക്കി. വിശദവിവരം അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിക്കായി 2009-2010 സാമ്പത്തിക വർഷത്തിൽ എത്ര കോടി രൂപയാണ് വകയിരുത്തിയിരുന്നതെന്നും ഇതിൽ എന്തു തുക ചെലവിട്ടെന്നും വ്യക്തമാക്കാമോ; | (ബി) 36 കോടി രൂപ വകയിരുത്തിയിരുന്നതിൽ 35.8756 കോടി രൂപ ചെലവിട്ടു. |
| (സി) പ്രസ്തുത കാലയളവിൽ ഓരോ മേഖലയിലും ഏതൊക്കെ പ്രവർത്തികൾക്കായി എന്തു തുക വീതം ചെലവിട്ടുവെന്ന് വ്യക്തമാക്കാമോ; | (സി) വിശദാംശങ്ങൾ അനുബന്ധം 2-ൽ കാണാവുന്നതാണ്. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ 2009-10 സാമ്പത്തിക വർഷം നെല്ലുൽപ്പാദനം, പച്ചക്കറി ഉൽപ്പാദനം എന്നിവയിൽ എന്ത് വർദ്ധനവ് വരുത്താനാണ് ലക്ഷ്യമിട്ടിരുന്നത് എന്നറിയിക്കുമോ; | (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ 2009-2010 വർഷത്തിൽ ഒരു ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. നെല്ലുല്പാദനം 8.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. |
| (ഇ) ഈ വർഷം ലക്ഷ്യനേട്ടം കൈവരിക്കാനായോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കുമോ? | (ഇ) വരൾച്ച കാരണം പാലക്കാട് ജില്ലയിലെ ഉല്പാദനം കുറഞ്ഞതു കൊണ്ട് പച്ചക്കറിയുല്പാദന ലക്ഷ്യം പൂർണ്ണമായില്ല. ഈ കുറവു പരിഹരിക്കുവാൻ ശ്രമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 144 — 05..07..2010 ൽ മറുപടിയ്ക്ക്

### സി.എഫ്.എൽ. വിതരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി കെ. കെ. ലതിക<br>ശ്രീ. സി. എം. ദിനേശ് മണി<br>ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. എ. കെ. ബാലൻ<br>(പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ലാഭിക്കുന്നതിനായി നടപ്പാക്കുന്ന സി.എഫ്.എൽ. വിതരണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) സി.എഫ്.എൽ. വിതരണം നടന്നുകൊണ്ടിരിക്കുന്നു. 24.06.2010 ലെ കണക്കനുസരിച്ച് ഏകദേശം 92 ലക്ഷം സി.എഫ്.എൽ. വിതരണം നടന്നിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ സി.എഫ്.എൽ. വിതരണം ജൂൺ 30-ാം തീയതിയോടേയും പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ ജൂലൈ 15-ാം തീയതിയോടേയും, ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശൂർ എന്നീ ജില്ലകളിൽ ജൂലൈ 31-ാം തീയതിയോടേയും വിതരണം അവസാനിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വടക്കൻ ജില്ലകളിലെ സി.എഫ്.എൽ. വിതരണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) വീടുകളിൽ വ്യാപകമായി സി.എഫ്.എൽ. ഉപയോഗിക്കുന്നതുമൂലം എന്തുമാത്രം വൈദ്യുതി ലാഭിക്കാൻ കഴിയുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) രണ്ട് 60 വാട്ടിന്റെ സാധാരണ ബൾബിനു പകരം 14 വാട്ടിന്റെ രണ്ട് സി.എഫ്.എൽ. ഉപയോഗിക്കുന്നത് വഴി വീടുകളിലെ വൈദ്യുതി ഉപഭോഗത്തിൽ സാരമായ കുറവുണ്ടാകും. അതായത് ഒരു സ്പോട്ട്ബില്ല് കാലയളവിൽ (2 മാസം) ഒരു കുടുംബത്തിന്റെ വൈദ്യുതി ഉപയോഗത്തിൽ ഏകദേശം 22 യൂണിറ്റിന്റെ കുറവ് ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

പ്രസ്തുത കുറവ് വഴി 25 രൂപ മുതൽ 120 രൂപ വരെയുള്ള ലാഭം വൈദ്യുതി ബില്ലിലൂടെ വിവിധ സ്ലാബുകളിലുള്ള ഗാർഹികോപഭോക്താക്കൾക്ക് ലഭ്യമാകും. 2010 ൽ 17ാം പവർ സർവ്വേ പ്രകാരം പ്രതീക്ഷിച്ചിരുന്ന പീക്ക് ലോഡ് ആവശ്യകതയായ 3159 മെഗാവാട്ട് എന്നത്, സി.എഫ്.എൽ. വിതരണമടക്കമുള്ള വിവിധ ഊർജ്ജ സംരക്ഷണ പദ്ധതികൾ മുഖേന ഏപ്രിൽ മാസത്തിൽ 2837 മെഗാവാട്ട് ആയും മേയ് മാസത്തിൽ 2930 മെഗാവാട്ട് ആയും കുറയ്ക്കുവാൻ കഴിഞ്ഞു.

(സി) സി.എഫ്.എൽ. വിതരണത്തിനായി കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) സി.എഫ്.എൽ. വിതരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും തുകയൊന്നും ലഭിച്ചിട്ടില്ല. 95 കോടി ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതിയ്ക്കായി കേരള സർക്കാർ 40 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി ദുരുപയോഗം തടയുന്നതിനും അമിത വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനും പൊതുജന സഹകരണത്തോടെ നടപടി സ്വീകരിക്കുമോ?

(ഡി) വൈദ്യുതി ദുരുപയോഗം തടയുന്നതിനും അമിത വൈദ്യുതി ഉപഭോഗം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ദൃശ്യശ്രവ്യപത്ര മാദ്ധ്യമങ്ങളിലൂടെ ഊർജ്ജ സംരക്ഷണ സന്ദേശം പൊതുജനങ്ങളിലേക്ക് എത്തിക്കാൻ നടപടി എടുത്തിട്ടുണ്ട്. കൂടാതെ സന്നദ്ധ സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി കൈപ്പുസ്തകങ്ങൾ, ബ്രോഷറുകൾ എന്നിവയുടെ വിതരണവും, പൊതുജന ബോധവല്ക്കരണ പരിപാടികളും നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 145

05.07.2010 ൽ മറുപടിയ്ക്ക്

" സംസ്ഥാനത്ത് കശുമാവ് കൃഷി വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ എം.എൽ.എ<br>" എ.എ. ഷുക്കൂർ "<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" തേറമ്പിൽ രാമകൃഷ്ണൻ " | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി.) |
| (എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപകമാക്കുന്നതിന് സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; | (എ) കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് കേരളത്തിലെ 14 ജില്ലകളെ രണ്ടു മേഖലകളായി തിരിച്ച് രണ്ടു കോ-ഓർഡിനേറ്റർമാരുടെ കീഴിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. കൃഷിക്കാരുമായി നേരിട്ട് സമ്പർക്കം പുലർത്തി കൃഷി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ഓരോ ജില്ലയിലും ഓരോ ഫീൽഡ് ഓഫീസറേയും രണ്ട് ഫീൽഡ് അസിസ്റ്റന്റ്മാരേയും നിയമിച്ചിട്ടുണ്ട്.<br>തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വ്യാപനത്തിനുള്ള പദ്ധതി കെ. എസ്.എ.സി.സി. നടപ്പിലാക്കി വരികയാണ്. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ നിന്ന് 2007-08, 2008-09 -ൽ അനുവദിച്ച 150 ലക്ഷം രൂപ ഉപയോഗിച്ച് 109,067 അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് ചെടികൾ ഏകദേശം 1350 ഏക്കർ സ്ഥലത്ത് നട്ടു പിടിപ്പിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ്, പുനലൂർ, റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, പുനലൂർ എന്നിവയിൽ 245 ഏക്കർ സ്ഥലത്ത് ജൈവ രീതിയിലുള്ള കശുമാവ് കൃഷി നടപ്പിലാക്കി.<br>2008-09 സാമ്പത്തിക വർഷത്തിൽ |

കെ.എസ്.എ.സി.സി. സുസ്ഥിര കശുമാവ് കൃഷി വികസനം കേരളത്തിൽ നടപ്പിലാക്കുന്നതിനായി 95.60 കോടി രൂപയുടെ പദ്ധതി നാഷണൽ ഹോർട്ടി കൾച്ചർ മിഷന് സമർപ്പിച്ചു. നാല് വർഷം കൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് ഇന്ത്യാ ഗവൺമെന്റിന്റെ 57.83 കോടി രൂപ ധനസഹായം ലഭിക്കും. പദ്ധതിയുടെ മുഖ്യ ഘടകങ്ങൾ പുതിയ നേഴ്സറികൾ, പുതിയ തോട്ടങ്ങൾ , (25000 ഏക്കർ), പുനരുദ്ധാരണവും/പുനർകൃഷി (25000 ഏക്കർ), ജൈവ കൃഷി (5000 ഏക്കർ), മാതൃകാ കൃഷി തോട്ടങ്ങൾ, ജലസ്രോതസ്സുകൾ (2500 ഏക്കർ) പരാഗണം ത്വരിതപ്പെടുത്തുന്നതിന് തേനീച്ച വളർത്തൽ (2000 യൂണിറ്റ്), സെമിനാറുകൾ /വർക്കുഷോപ്പുകൾ, കർഷകർക്കുള്ള പരിശീലനം, വിളവെടുപ്പ്, അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയാണ്.

2009-10-ൽ കശുമാവ് കൃഷിക്കായി കേന്ദ്രസർക്കാർ അനുവദിച്ച 5 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിച്ച 3 കോടി രൂപയും വിനിയോഗിച്ച് 9725-ഓളം ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടത്തി. തിരുവനന്തപുരം, തൃശൂർ, പാലക്കാട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ സെമിനാറുകളും, കൂടാതെ എല്ലാ ജില്ലകളിലെ കൃഷിക്കാർക്ക് പരിശീലന ക്ലാസുകളും നടത്തി. കശുമാവ് കൃഷി പ്രോത്സാഹനാർത്ഥം കശുമാവ് കൃഷി നടത്തിയതിന് കർഷകർക്കും വനാശ്രിത കുടുംബാംഗങ്ങൾക്കും, സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആദ്യ വർഷത്തെ ഗഡുവായ ധനസഹായം നൽകി.

കെ.എസ്.എ.സി.സി 2010-11-ൽ കർഷകർ, വനാശ്രിത കുടുംബങ്ങൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ സ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനായി 20 ലക്ഷം അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കൃഷി വകുപ്പിലെ ഫാമുകൾ, കാർഷിക സർവ്വകലാശാല ഗവേഷണ സ്റ്റേഷനുകൾ, കേരളാ

൧

കശുവണ്ടി വികസന കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, ആറളം ഫാം, കേന്ദ്ര കശുമാവ് ഗവേഷണ സ്ഥാപനം എന്നിവയുടെ നേഴ്സറികൾ മുഖേന തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഈ ഗ്രാഫ്റ്റ് ചെടികൾ നട്ടുപിടി പിടിപ്പിക്കുന്നതു മൂലം ഏകദേശം 25,000 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടപ്പിലാക്കുന്നതാണ്. 5000 ഏക്കറിൽ ജൈവ രീതിയിൽ കൃഷി, തേനീച്ച വളർത്തുന്നതിനായി 2000 യൂണിറ്റുകൾ, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 600 ഏക്കർ കൃഷി സ്ഥലത്ത് ജനസേചന സൗകര്യം, 25 കശുമാങ്ങ സംസ്കരണ യൂണിറ്റുകൾ എന്നീ പരിപാടികളും നടപ്പിലാക്കുന്നതാണ്. ഇതിനായി കേന്ദ്ര സർക്കാർ 12.2 കോടി രൂപയും സംസ്ഥാന സർക്കാർ 4 കോടി രൂപയും വക കൊള്ളിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | കഴിഞ്ഞവർഷം എത്ര ഏക്കർ സ്ഥലത്ത് ഇത്തരത്തിൽ കൃഷി നടപ്പിലാക്കിയെന്ന് അറിയിക്കുമോ; ഇതിനായി എന്തു തുക ചെലവിട്ടു. | (ബി) | 2009-10-ൽ 9725 ഏക്കർ സ്ഥലത്ത് കൃഷി നടപ്പിലാക്കി. ഇതിലേയ്ക്കായി 851 ലക്ഷം രൂപ ഏജൻസി ചെലവഴിച്ചു. |
| (സി) | ഈ വർഷം ഈ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്; | (സി) | 2010-11-ൽ കർഷകർ, വനാശ്രിത കുടുംബങ്ങൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരുടെ സ്ഥലങ്ങളിൽ വച്ചു പിടിപ്പിക്കുന്നതിനായി 20 ലക്ഷം അത്യുല്പാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് ചെടികൾ കൃഷി വകുപ്പിലെ ഫാമുകൾ, കാർഷിക സർവ്വകലാശാല ഗവേഷണ സ്റ്റേഷനുകൾ, കേരളാ കശുവണ്ടി വികസന കോർപ്പറേഷൻ, പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, ആറളം ഫാം, കേന്ദ്ര കശുമാവ് ഗവേഷണ സ്ഥാപനം എന്നിവയുടെ നേഴ്സറികൾ മുഖേന തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ഈ ഗ്രാഫ്റ്റ് ചെടികൾ നട്ടുപിടി പിടിപ്പിക്കുന്നതു മുഖേന ഏകദേശം 25,000 ഏക്കർ സ്ഥലത്ത് കശുമാവ് കൃഷി നടപ്പിലാക്കുന്നതാണ്. 5000 ഏക്കറിൽ |

ജൈവ രീതിയിൽ കൃഷി, തേനീച്ച വളർത്തുന്നതിനായി 2000 യൂണിറ്റുകൾ മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ, 600 ഏക്കർ കൃഷി സ്ഥലത്ത് ജലസേചന സൗകര്യം, 25 കശുമാങ്ങ സംസ്കരണ യൂണിറ്റുകൾ എന്നിവയും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 16.2 കോടി രൂപ ചെലവഴിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഡി) | ഈ കാലയളവിൽ എത്ര സ്ഥലത്ത് ജൈവരീതിയിൽ കശുമാവ് കൃഷി നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. | (ഡി) | ഈ കാലയളവിൽ 5000 ഏക്കറോളം സ്ഥലത്ത് ജൈവരീതിയിൽ കശുമാവ് കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഇ) | ജൈവരീതി സ്വീകരിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം എവിടെ നിന്ന് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു ? | (ഇ) | ജൈവ രീതിയിൽ കശുമാവ് കൃഷി നടപ്പിലാക്കാനുള്ള സാങ്കേതിക സഹായം ഇതിൽ പ്രാവീണ്യം നേടിയിട്ടുള്ള ഏതെങ്കിലും സർക്കാർ സ്ഥാപനത്തിൽ നിന്ന് ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 146** | **05-07-2010 ൽ മറുപടിക്ക്**

### എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ. പി.ജയരാജൻ :<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീ. ആർ.സെൽവരാജ് : | ശ്രീ. പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി, 2008-09 വർഷത്തിൽ, 6 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടേതായി ഉയർത്തുകയും. ഡിവിഷനുകളുടെ മേധാവിമാരായി 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ സൃഷ്ടിക്കുകയുമുണ്ടായി. എക്സൈസ് ഡിവിഷനുകളിൽ നിലവിലുള്ള അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാരുടെ തസ്തികകൾ, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി പ്രത്യേകമായി നിയമിച്ച് ചുമതലപ്പെടുത്തിയിട്ടുണ്ട്. എക്സൈസ് ഗാർഡുകളുടെ മൊത്തം തസ്തികയുടെ 10% വനിതകൾക്കായി സംവരണം ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള നിയമന നടപടികൾ നടന്നു വരുന്നു.<br><br>എക്സൈസ് വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി, 11 പുതിയ റെയ്ഞ്ചുകളും, 278 അധിക തസ്തികകളും അനുവദിച്ചു.<br><br>മൈനർ ചെക്ക്പോസ്റ്റുകളിൽ വിന്യസിക്കുന്നതിനായി, 31 എക്സൈസ് ഇൻസ്പെക്ടർ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>എക്സൈസ് ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി, എക്സൈസ് കമ്മീഷണറേറ്റിലെ ഇന്റേണൽ ആഡിറ്റ് വിഭാഗം പുനർക്രമീകരിച്ച്, സംസ്ഥാനത്തെ മുഴുവൻ എക്സൈസ് ആഫീസുകളും നേരിട്ട് പരിശോധന |

നടത്തിവരുന്നു. ടി ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ; | ബി) അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി, നിലവിലുള്ള ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി പാലിച്ചു കൊണ്ട്, താഴെപ്പറയുന്ന രീതിയിൽ ശക്തമായ എൻഫോഴ്സ് മെന്റ് പ്രവർത്തനം നടത്തി വരുന്നു. അതിന്റെ ഭാഗമായി:- |

i) അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് മേൽ നടപടികൾക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേകമായി ഒരു ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു.

ii) എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും നടത്താനും ഐ.പി.എസ്. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. ജില്ലകൾ തോറും എൻഫോഴ്സ്മെന്റിന് മാത്രമായി അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ നിയമിച്ചു. രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിന് ഇന്റലിജൻസിന്റെ പ്രവർത്തനം ശക്തിപ്പെടുത്തി. മേജർ ചെക്ക് പോസ്റ്റുകൾ സർക്കിൾ ഇൻസ്പെക്ടർമാരുടെ മേൽനോട്ടത്തിലാക്കുകയും കൂടുതൽ തസ്തികകൾ അനുവദിച്ച് ശക്തിപ്പെടുത്തുകയും ചെയ്തു.

iii) നാഷണൽ ഹൈവേകളിലും തീരദേശ റോഡുകളിലും വാഹന പരിശോധന കർശനമായി നടത്തി വരുന്നു.

iv) എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന ശക്തമാക്കിയിട്ടുണ്ട്.

v) അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിനായി സംസ്ഥാന ജില്ലാ, താലൂക്ക് പഞ്ചായത്ത് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ സംഘടിപ്പിച്ച് വിവരങ്ങൾ ശേഖരിക്കുന്നു.

vi) കുടുംബശ്രീ, മദ്യനിരോധന സമിതി, സന്നദ്ധ സംഘടനകൾ തുടങ്ങിയ ജനസേവന പ്രവർത്തകരുടെ സഹായം ഉപയോഗപ്പെടുത്തിയും പോലീസ്, ഫോറസ്റ്റ്, റവന്യൂ എന്നി ഡിപ്പാർട്ട്മെന്റുകളുമായി സഹകരിച്ചും അബ്കാരി കുറ്റകൃത്യങ്ങൾ തടയുന്നതിന് സംയുക്ത റെയിഡുകൾ നടത്തി വരുന്നു.

vii) ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മദ്യാസക്തിക്കെതിരെ ബോധവല്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

viii) കടൽ മാർഗ്ഗമുള്ള സ്പിരിറ്റ് മുതലായവയുടെ അനധികൃത കള്ളക്കടത്ത് തടയുന്നതിലേക്കായി കടൽത്തീരങ്ങളിൽ പട്രോളിങ്ങ് നടത്തുകയും തീരദേശത്തെ ജനങ്ങളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ആലപ്പുഴ മേഖലയിൽ കടൽ മാർഗ്ഗവും, കായൽ മാർഗ്ഗവും നടക്കുന്ന അബ്കാരി കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി മോട്ടോർ ബോട്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

ix) അബ്കാരി സ്ഥിരം കുറ്റവാളികൾക്കെതിരെ Cr.P.C.110 പ്രകാരം നടപടി എടുത്തുവരുന്നു.

സി) എക്സൈസ് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

സി) i) സംസ്ഥാനത്തെ എക്സൈസ് സർക്കിൾ ആഫീസ് മുതൽ മുകളിലുള്ള മുഴുവൻ ആഫീസുകളും കമ്പ്യൂട്ടർ വൽക്കരിച്ചു, ഉത്തരമേഖലയിലെ റേഞ്ച് ആഫീസുകൾ മുഴുവനായും കമ്പ്യൂട്ടർ വൽക്കരിച്ചു. മദ്ധ്യമേഖല, ദക്ഷിണമേഖല റേഞ്ച് ആഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണ നടപടി ആരംഭിച്ചു കഴിഞ്ഞു.

ii) എക്സൈസ് ഡിപ്പാർട്ട്മെന്റിലെ ഏതാണ്ട് മുഴുവൻ ആഫീസുകളുടേയും ശമ്പളം സ്പാർക്ക് സിസ്റ്റം വഴി മാറുന്നു.

iii) കള്ളിന്റെ സാംപിൾ പരിശോധന കൂടുതൽ വ്യക്തമാക്കുന്നതിനായി റീജിയണൽ കെമിക്കൽ ലബോറട്ടറികളിൽ എക്സൈസ് ഡിപ്പാർട്ട്മെന്റ് വക ഗ്യാസ് ക്രോമറ്റോഗ്രാഫ് എന്ന ആധുനിക ഉപകരണം വാങ്ങി നൽകി. ഇവ ഉപയോഗിച്ച് കള്ളിലെ ആൽക്കഹോൾ ശതമാനത്തിനു പുറമേ കള്ളിൽ മറ്റു രാസപദാർത്ഥങ്ങൾ ചേർത്തിട്ടുണ്ടോ എന്നും കണ്ടുപിടിക്കാവുന്നതാണ്.

iv) എക്സൈസ് ഡിപ്പാർട്ട്മെന്റിൽ 274 വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടി ആരംഭിച്ചു കഴിഞ്ഞു.

v) വാളയാർ, അമരവിള ചെക്ക്പോസ്റ്റുകളിൽ വിന്യസിക്കുന്നതിനായി പ്രത്യേകപരിശീലനം ലഭിച്ച സ്നിഫർ ഡോഗിനെ വിന്യസിക്കുന്ന നടപടി പൂർത്തിയായി.

vi) എക്സൈസ് റേഞ്ച് ഇൻസ്പെക്ടർമാർക്ക് നൽകുന്നതിനായി 110 ആധുനിക പിസ്റ്റളുകൾ വാങ്ങുന്നതിന്റെ നടപടി പൂർത്തിയായി.

vii) 2006 മുതൽ ഡിപ്പാർട്ട്മെന്റിൽ പുതുതായി 130 ജീപ്പുകളും 30 മോട്ടോർസൈക്കിളുകളും വാങ്ങി വിന്യസിച്ചിരിക്കുന്നു. കുട്ടനാട് റേഞ്ചിലേക്ക് മോട്ടോർ ബോട്ട് അനുവദിച്ചു.

| | | | |
|---|---|---|---|
| ഡി) | കഴിഞ്ഞ 4 വർഷ കാലയളവിൽ എത്ര അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തു ; അബ്കാരി കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ; | ഡി) | 31227 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ലഘുതരത്തിലുള്ള കുറ്റകൃത്യങ്ങൾ (ലൈസൻസികളുമായി ബന്ധപ്പെട്ട) കോമ്പൗണ്ടിങ്ങ് സമ്പ്രദായത്തിലൂടെ അവസാനിപ്പിക്കുന്നതിനും മറ്റും അബ്കാരി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തി. |
| ഇ) | വ്യാജമദ്യം തടയുന്നതിനുള്ള ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ? | ഇ) | വ്യാജമദ്യം തടയുന്നതിനുള്ള ജനകീയ കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. 2008-2009 വരെ സംസ്ഥാനത്ത് 92 ജില്ലാതല ജനകീയ കമ്മിറ്റികളും 352 നിയോജക മണ്ഡല കമ്മിറ്റികളും 186 താലൂക്ക്തല കമ്മിറ്റികളും 2050 പഞ്ചായത്ത്തല കമ്മിറ്റികളും കൂടിയിട്ടുണ്ട്. 01-04-2009 മുതൽ 31-05-2010 കാലയളവിൽ 84 ജില്ലാതല കമ്മിറ്റികളും 356 നിയോജകമണ്ഡലകമ്മിറ്റികളും 215 താലൂക്ക്തല കമ്മിറ്റികളും 2271 പഞ്ചായത്ത്തല കമ്മിറ്റികളും കൂടിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ശ്രദ്ധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.147 — 5.7.2010- ൽ മറുപടിയ്ക്ക്

കുട്ടനാട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :<br>ശ്രീ.അടൂർ പ്രകാശ് :<br>ശ്രീ.കെ.ബാബു :<br>ശ്രീ.എ.എ.ഷുക്കൂർ : | ശ്രീ.മുല്ലക്കര രത്നാകരൻ<br>(ബഹു.കൃഷി വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് പരമ്പരാഗത നെല്ലുൽപ്പാദന മേഖലയായ കുട്ടനാട്ടിലെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന കുട്ടനാട് പദ്ധതിയിൻ കീഴിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്താനായി എന്ന് വിശദമാക്കുമോ: | എ) പാടശേഖരങ്ങളിൽ പൊതു ഉപയോഗത്തിനായി പമ്പുകളുടേയും കാർഷിക യന്ത്രങ്ങളുടേയും വിതരണം, ഓണാട്ടുകര പ്രദേശങ്ങളിലെ തരിശുനിലങ്ങളിൽ ആദ്യമായി നെൽകൃഷി, കുട്ടനാട് പ്രദേശത്തിനായി നല്ലയിനം നെൽവിത്തുകൾ സൗജന്യ നിരക്കിൽ വിതരണം, കുട്ടനാട്ടിൽ നെല്ല് സംഭരണശാലകൾ സ്ഥാപിക്കൽ എന്നിവയാണ് നടപ്പിലാക്കി വരുന്നത്. |
| ബി) ഇവിടെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനും യന്ത്രവൽക്കണത്തിനും മറ്റ് അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ആകെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് രൂപം നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) കുട്ടനാട് പാക്കേജ് പദ്ധതിയുടെ_ഭാഗമായി യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി പാടശേഖരങ്ങളിൽ പൊതു ഉപയോഗത്തിനായി പമ്പുകളും കാർഷിക യന്ത്രങ്ങളും വിതരണം ചെയ്യുന്നതിന് 85 കോടി രൂപയുടെ ഒരു പദ്ധതിക്ക് രൂപം നൽകി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. |
| സി) ഇവ ഓരോ വിഭാഗത്തിനും ഇതുവരെ എത്ര കോടി രൂപ വീതം ചെലവിട്ടുവെന്ന് അറിയിക്കുമോ ; | സി) മേൽപ്പറഞ്ഞ 85 കോടി രൂപയിൽ 6 കോടി രൂപ പമ്പ്സെറ്റുകളും യന്ത്ര സാമഗ്രികളും ലഭ്യമാക്കുന്നതിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. |
| ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയശേഷം കുട്ടനാട് മേഖലയിലെ നെല്ലുൽപ്പാദനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ഡി) മേൽ സമർപ്പിച്ച പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ (2010-11) മാത്രമേ പൂർണ്ണമായി നടപ്പിലാക്കുകയുള്ളൂ. ആയതിനാൽ അതിന്റെ ഗുണഫലങ്ങൾ ഈ വർഷത്തിൽ മാത്രമേ തിട്ടപ്പെടുത്തുന്നതിന് സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| ഇ) | പ്രസ്തുത പാക്കേജ് പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഈ മേഖലയിൽ നെല്ലുൽപ്പാദനത്തിൽ പ്രതിവർഷം എത്ര ടണ്ണിന്റെ വർദ്ധനവ് ഉണ്ടാകുമെന്നാണ് കരുതുന്നതെന്ന് അറിയിക്കുമോ ? | ഇ) | കുട്ടനാട് പാക്കേജ് പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ നെല്ലുൽപ്പാദനത്തിൽ ഈ മേഖലയിൽ പ്രതിവർഷം ഒരു ലക്ഷം ടൺ നെല്ല് വർദ്ധനവ് പ്രതീക്ഷിക്കുന്നു. ഇതിനു പുറമേ പരിസ്ഥിതി സംരക്ഷണം, നദീജല ശുദ്ധീകരണം, നെല്ലിനു പുറമേയുള്ള മറ്റു വിളകളുടെ കൃഷി, വിനോദ സഞ്ചാര വികസനം, മത്സ്യ, മൃഗ സംരക്ഷണ മേഖലകളിലെ പുരോഗതി എന്നിവയും സാദ്ധ്യമാകും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 148

05.07.2010 - ൽ മറുപടിയ്ക്ക്

## സഹകരണമേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

**ചോദ്യം**

**ശ്രീ.എ.എം. യൂസഫ്**
**ശ്രീ.പി.ജയരാജൻ**
**ശ്രീ.കെ.ടി.ജലീൽ**
**ശ്രീ.സാജു പോൾ**

(എ) സഹകരണ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(സഹകരണവും കയറും വകുപ്പു മന്ത്രി)**

(എ) സഹകരണ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൻേറയും വിപുലീകരിക്കുന്നതിൻേറയും ഭാഗമായി പ്രാഥമിക വായ്പാ സംഘങ്ങളുടെ പ്രതിനിധികളുടേയും, അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ തുടങ്ങി എല്ലാ വിഭാഗം സഹകരണ സംഘങ്ങളുടെയും പ്രതിനിധികളുമായി ചർച്ചകൾ നടത്തി സഹകരണസംഘങ്ങളുടെ പ്രവർത്തനത്തിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. കേരളപ്പിറവി സുവർണ്ണ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് സംസ്ഥാന സഹകരണ വകുപ്പിൻെറ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ 'സഹകരണനിക്ഷേപം കേരളീയം' എന്ന പരിപാടിയിലൂടെ സമസ്ത കേരളീയ ഭവനങ്ങളിലും അതാതു പ്രദേശത്തെ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സന്ദർശനം നടത്തുകയും പ്രസ്ഥാന ത്തിൻെറ ലക്ഷ്യങ്ങളേയും നൽകുന്ന സേവനങ്ങളേയും സംബന്ധിച്ച്, ബോധവൽക്കരണം, സെമിനാറുകൾ എന്നിവ മുഖേന

മേഖലയുടെ സന്ദേശം എത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കാർഷിക വായ്പകൾ കുറഞ്ഞ പലിശയ്ക്ക് നൽകുന്നതിനും,നെൽക്കൃഷിയ്ക്ക് പലിശരഹിത വായ്പ നൽകുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. മാത്രമല്ല സഹകരണ വായ്പാ മേഖല് ഉൾപ്പടെയുള്ള സംഘങ്ങളിലെ അഴിമതികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുകയും അന്വേഷണങ്ങളിൻമേൽ നടപടികൾ സ്വീകരിക്കുകയും സഹകരണ മേഖലയിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജലൻസ് ഓഫീസറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിലെ സഹകരണ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പാക്കിയതിലൂടെ വിലക്കയറ്റം തടഞ്ഞു നിർത്താൻ കഴിയുകയും, സഹകരണ മേഖലയുടെ പ്രവർത്തനം വിപുലീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ 4 വർഷക്കാലയളവിനുള്ളിൽ ഉത്സവവേളകളിലും വിലക്കയറ്റമുണ്ടായപ്പോഴും 45335 മാർക്കറ്റുകൾ തുറന്നു പ്രവർത്തിക്കാൻ കഴിഞ്ഞു. കൺസ്യൂമർ ഫെഡറേഷൻ ആരംഭിച്ചിട്ടുള്ള 93 ത്രിവേണി മാർക്കറ്റുകൾ, ആലപ്പുഴ, കുട്ടനാട് ഭാഗത്ത് ആരംഭിച്ച ഫ്ളോട്ടിംഗ് ത്രിവേണി, മലയോരപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ആരംഭിച്ച മൊബൈൽ ത്രിവേണി, ത്രിവേണി കോഫി ഹൗസ്/ഉച്ചഭക്ഷണ പദ്ധതി തുടങ്ങിയവ സഹകരണ മേഖലയുടെ പ്രവർത്തന വിപുലീകരണത്തിന് വഴിയൊരുക്കുകയുണ്ടായി.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എണ്ണൂറോളം നീതി സ്റ്റോറുകളും 284 നീതി മെഡിക്കൽ സ്റ്റോറുകളും സാധാരണക്കാർക്ക് വില കുറച്ച് നിത്യോപയോഗ സാധനങ്ങളും ജീവൻ രക്ഷാ ഔഷധങ്ങളും ലഭിക്കാൻ സഹായകമായിട്ടുണ്ട്.

കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രോഫഷണൽ എഡ്യുക്കേഷന്റെ ആഭിമുഖ്യത്തിലുള്ള മെഡിക്കൽ കോളേജ്, എഞ്ചിനീയറിംഗ് കോളേജുകൾ, എം.ബി.എ കോളേജ്, നഴ്സിംഗ് കോളേജ് തുടങ്ങിയവയും, സഹകരണ സ്ഥാപനങ്ങൾ മുഖേന ആരംഭിച്ച പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും, സംസ്ഥാന സഹകരണ യൂണിയൻെറ നേതൃത്വത്തിലുള്ള കിക്മയും, പരിയാരം മെഡിക്കൽ കോളേജ് ഉൾപ്പടെയുള്ള സ്ഥാപനങ്ങളും, സഹകരണ മേഖലയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും വിപുലീകരണത്തിനും ഇടയാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്കും, സാധാരണക്കാർക്കും കുറഞ്ഞ ചെലവിൽ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സഹകരണ ആശുപത്രികളും സ്ത്രീകളുടെ ജീവിത സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാക്കാനും സഹകരണ മേഖലയിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുന്നതിന് വനിതാ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും പട്ടികജാതി/ പട്ടികവർഗ്ഗ ആദിവാസി സമൂഹത്തിൻെറ അടിസ്ഥാന ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ

പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹകരണ മേഖല കാര്യക്ഷമമായ പങ്ക് വഹിച്ചിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് ഇ.എം.എസ് ഭവന വായ്പാ പദ്ധതിയിലൂടെ സഹകരണ ബാങ്കുകൾ വഴി 4000 കോടി രൂപ വായ്പാ വിതരണം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണവകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി സഹകരണ മേഖലയുടെ കൂടുതൽ വിപുലീകരണത്തിന് കഴിഞ്ഞിട്ടുണ്ട്.

സഹകരണമേഖലയുടെ സമഗ്രവികസനത്തിനും കാര്യക്ഷമമാകുന്നതിനും സഹായിക്കുമാറ്, സഹകരണനിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. അതോടൊപ്പം, ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി ഓഡിറ്റിന് പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കുകയും ചെയ്യതിലൂടെ സഹകരണമേഖലയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായിട്ടുണ്ട്. ഇത്തരം കാര്യക്ഷമമായ പ്രവർത്തനത്തിൻെറ ഫലമായി സഹകരണ മേഖലയിലൂടെ കൂടുതൽ നിക്ഷേപം സ്വരൂപിക്കാനും വായ്പകൾ നൽകാനും ജനങ്ങളെ കൂടുതൽ സഹകരണമേഖലയിൽ അടുപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

2007 ൽ നടത്തിയ സഹകരണ കോൺഗ്രസ്സ് 2009-10 ൽ നടത്തിയ അഖിലേന്ത്യാ സഹകരണ എക്സിബിഷൻ സഹകരണമേഖലയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് കാര്യമായി പ്രയോജനപ്പെട്ടിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണമേഖലയിൽ പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ഏതെല്ലാമാണ് ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണമേഖലയിൽ പുതുതായി ആവിഷ്ക്കരിച്ച പദ്ധതികൾ ചുവടെ പറയുന്നു. |

**i. സഹകരണ നിക്ഷേപം കേരളീയം**

എല്ലാ വർഷവും മാർച്ച് മാസം നടപ്പിലാക്കുന്ന പരമ്പരാഗത നിക്ഷേപ സമാഹരണ യജ്ഞത്തോടൊപ്പം നവംബർ മാസം നിക്ഷേപ സമാഹരണ മാസമായി ആചരിക്കുന്ന ഈ പദ്ധതി യിലൂടെ കഴിഞ്ഞ നാല് വർഷം കൊണ്ട് സഹകരണ മേഖലയിൽ 36419 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**ii. കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം**

സഹകരണമേഖലയിലെ വർദ്ധിച്ചു വരുന്ന കുടിശ്ശിക പിരിച്ചെടുക്കുന്ന തിനായി എല്ലാ വർഷവും ഫെബ്രുവരി മാസം കുടിശ്ശിക നിവാരണമാസമായി ആചരിക്കുന്ന ഈ പദ്ധതി പ്രകാരം 2008 ൽ 1290.17 കോടി രൂപയും 2009 ൽ 1072.61 കോടി രൂപയും 2010 ൽ 1222.21 കോടി രൂപയും പിരിച്ചെടുക്കാൻ കഴിഞ്ഞു.

**iii. സഹകരണവിപണനം കേരളീയം**

പൊതുവിപണിയിലെ വിലനിലവാരം പിടിച്ചുനിർത്തുന്നതിനായി ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ, ബക്രീദ് എന്നീ ഉൽസവ വേളകളിൽ സഹകരണ വകുപ്പിൻെറ ആഭിമുഖ്യത്തിലും സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻെറ നേതൃത്വത്തിലും പ്രത്യേക മാർക്കറ്റുകൾ നടത്തുക എന്ന ഈ പദ്ധതി പ്രകാരം നാളിതുവരെ 45335 പ്രത്യേക മാർക്കറ്റുകൾ സംഘടിപ്പിക്കുക യുണ്ടായി.

**iv. സഹകരണകാർഷികം കേരളീയം**

അന്യം നിന്നു പോകുന്ന നെൽക്കൃഷി പരിപോഷിപ്പിക്കുവാനും, കാർഷികോ

ൽപ്പാദനം മെച്ചപ്പെടുത്തുന്നതിനുമായി നെൽക്കൃഷിയ്ക്ക് പലിശരഹിത വായ്പയും മറ്റ് കാർഷിക വായ്പകൾക്ക് കുറഞ്ഞ പലിശ നിരക്കും ബാധകമാക്കി ക്കൊണ്ടുള്ള ഈ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 8036.43 കോടി രൂപ കാർഷിക വായ്പയായി നൽകിയിട്ടുണ്ട്. ഇതിൽ 413.72 കോടി രൂപ നെൽ ക്കൃഷിക്ക് നൽകിയതാണ്. കർഷകർക്ക് ആശ്വാസമായി യഥാസമയം കൊയ്ത്തു മെതിയന്ത്രം സഹകരണസംഘങ്ങൾ മുഖേന ലഭ്യമാക്കുവാനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

**V. സഹകരണവിദ്യാഭ്യാസം കേരളീയം**

സഹകരണമേഖലയിൽ കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം "കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ" നേതൃത്വത്തിൽ പുന്നപ്രയിൽ ഒരു എൻജിനീയറിംഗ് കോളേജും കൊച്ചി മെഡിക്കൽ കോളേജി നോടനുബന്ധിച്ച് നേഴ്സിംഗ് കോളേജും, സംസ്ഥാന സഹകരണയൂണിയൻെറ നേതൃത്വത്തിൽ തിരുവനന്തപുരത്ത് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെൻറ് എന്ന മാനേജ്മെന്റ് പഠന കേന്ദ്രവും ആരംഭിച്ചിട്ടുണ്ട്. കൂടാതെ നിരവധി സഹകരണ സംഘങ്ങളുടെ കൂട്ടായ്മയും വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**VI. സഹകരണ ആരോഗ്യം കേരളീയം**

സാധാരണ ജനങ്ങൾക്ക് കുറഞ്ഞ ചെലവിലും ദാരിദ്ര്യ രേഖയ്ക്ക് താഴെയു

ളളവർക്ക് സൗജന്യമായും വൈദ്യപരിശോധനയ്ക്കായി സഹകരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുക എന്ന ഈ പദ്ധതി പ്രകാരം കോഴിക്കോട് ആസ്ഥാനമായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഡയഗണോസ്റ്റിക് ആന്റ് പാരാമെഡിക്കൽ സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

**vii. സഹകരണ സാമൂഹ്യം കേരളീയം**

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 2274 സഹകരണസ്ഥാപനങ്ങളിൽ ലൈബ്രറികൾ സ്ഥാപിച്ചു. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിൽ കുടിശ്ശിക ആയിരുന്ന റോയൽറ്റി കുടിശ്ശിക നൽകിക്കഴിഞ്ഞു. സംഘത്തിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 800 ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യ ത്തിൽ എറണാകുളത്ത് വച്ച് സഹകരണ ലൈബ്രറി കോൺഗ്രസ്സും തൃശ്ശൂരിൽ വച്ച് എഴുത്തുകാരുടെ സംഗമവും സംഘടി പ്പിച്ചു.

**viii. സഹകരണ അഴിമതി നിവാരണം കേരളീയം**

സഹകരണമേഖലയിലെ അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ വിജിലൻസ് ഓഫീസറായി നിയമിച്ച് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി. വിജിലൻസ് ഓഫീസർക്ക് കൂടുതൽ അധികാരങ്ങൾ പകർന്നുകൊണ്ട് സഹകരണനിയമം ഭേദഗതി ചെയ്തു. ആഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരിച്ചു.

**ix. സഹകരണപ്രചരണം കേരളീയം**

സഹകരണമേഖലയിൽ വർദ്ധിച്ചു വന്നിരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിനായി സംസ്ഥാന ജില്ലാ താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്താകെ 4620 പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞു.

മേൽ പദ്ധതികൾക്ക് പുറമേ നിർദ്ധന രായ പെൺകുട്ടികളുടെ വിവാഹാവശ്യ ങ്ങൾക്ക് വായ്പ നൽകുന്നതിന് 'മംഗല്യസൂത്ര സഹകരണ സംഘം' രൂപീകരിച്ചു. കൂടാതെ സഹകരണ സ്ഥാപനങ്ങൾ മുഖേന കുറഞ്ഞ പലിശ നിരക്കിൽ മംഗല്യസൂത്ര വായ്പകളും മംഗല്യസൂത്ര കാർഷിക വായ്പകളും നൽകുന്നതിനും പദ്ധതികൾ ആവിഷ് ക്കരിച്ചു.

ദുർബ്ബലവിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്ക് ആശ്വാസം എത്തിക്കാൻ ലോട്ടറി വകുപ്പുമായി ചേർന്ന് 'സഹകരണ നവരത്നം ബംബർ ലോട്ടറി ' നടത്തുകയും അതിലൂടെ ലഭിച്ച ലാഭം സഹകരണ സ്ഥാപനങ്ങൾക്ക് ധന സഹായമായി നൽകി വരുകയും ചെയ്യുന്നു.

സഹകരണസംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കടം എടുത്ത് മരണപ്പെടുന്ന വായ്പക്കാരുടെ ബാദ്ധ്യത ഒഴിവാക്കാ നായി ' കേരള സഹകരണ റിസ്ക് ഫണ്ട് ' പദ്ധതി നടപ്പിലാക്കി.

സാഹിത്യപ്രവർത്തക സഹകരണ സംഘം പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. സ്ഥിരമായ മാസവരുമാനമുള്ള തൊഴിലില്ലാത്ത

വരുടെയും വായ്പയ്ക്ക് ജാമ്യം നൽകാൻ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തവരുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, അവർക്ക് ആശ്വാസം എത്തിക്കുന്നതിനുമായി അവരുടെ വിശ്വാസ്യത മാത്രം കണക്കിലെടുത്തുകൊണ്ട് പരമാവധി 10,000/- രൂപ വരെ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്,

ദുർബ്ബലവിഭാഗങ്ങൾക്ക് ഇ.എം.എസ് ഭവന വായ്പാ പദ്ധതിയിലൂടെ സഹകരണ ബാങ്കുകൾ വഴി 4,000 കോടി രൂപ വായ്പ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) സഹകരണമേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തു മാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) നിക്ഷേപത്തിൽ കഴിഞ്ഞ 4 വർഷം കൊണ്ട് 36419.06 കോടി രൂപയുടെ ആകെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ജാമ്യം നൽകാൻ നിവർത്തിയില്ലാത്തവർക്ക് സഹകരണസ്ഥാപനങ്ങളിലൂടെ ജാമ്യമില്ലാതെ വായ്പ നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

(ഡി) സ്ഥിരമായ മാസവരുമാനമുള്ള തൊഴിലില്ലാത്തവരുടെയും വായ്പയ്ക്ക് ജാമ്യം നൽകാൻ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തവരുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, അവർക്ക് ആശ്വാസം എത്തിക്കുന്നതിനുമായി അവരുടെ വിശ്വാസ്യത മാത്രം കണക്കിലെടുത്തുകൊണ്ട് പരമാവധി 10,000/- രൂപ വരെ വായ്പ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

നക്ഷത്ര ചിഹ്നമിട്ട ചോദ്യ നമ്പർ 149 05.07.2010 -ൽ മറുപടിയ്ക്ക്

## സമ്പൂർണ്ണ വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.അജിത്:**<br>**ശ്രീ.എൻ.അനിരുദ്ധൻ:**<br>**ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:**<br>**ശ്രീ.പള്ളിപ്രം ബാലൻ:** | ശ്രീ.എ.കെ.ബാലൻ<br>(പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയ എത്ര ജില്ലകളുണ്ട്; അവ ഏതെല്ലാം; | (എ)സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ മാത്രമാണ് സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായിട്ടുള്ളത്. തൃശ്ശൂർ ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയായി വരികയാണ്. |
| (ബി) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കി മാറ്റുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) ഉണ്ട്. എം.എൽ.എ.മാരുടെ നേതൃത്വത്തിൽ എം.എൽ.എ. ഫണ്ട്, എം.പി.ഫണ്ട്, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട്, ഗവൺമെന്റ് നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ **ആർ.ജി. ജി.വി. വൈ. പദ്ധതി** എന്നിവയെല്ലാം ചേർത്താണ് മണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടത്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് തുകയുടെ 50% (പരമാവധി ഒരു കോടി രൂപ) വരെ ബോർഡിന്റെ നോർമൽ ഡെവലപ്പ്മെന്റ് ഫണ്ടിൽ നിന്നും അനുവദിക്കുന്നതാണ്. ഫണ്ട് ലഭിക്കുന്ന മുറക്ക് വൈദ്യുതീകരണ പ്രവർത്തനം പൂർത്തീകരിക്കുന്നതാണ്.കൂടാതെ 10 മെഗാവാട്ടിലധികം വൈദ്യുതി |

ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ ഉള്ള നിയോജക മണ്ഡലങ്ങളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് വൈദ്യുതി ബോർഡ് പ്രഖ്യാപിച്ച ഒരു കോടി രൂപക്ക് പുറമെ. പ്രത്യേക ഫണ്ട് അനുവദിക്കുന്നതാണ്.

| | |
|---|---|
| (സി) സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങൾ ഇതിനകം പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;<br><br>(ഡി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എത്ര കോടി രൂപ ചെലവാകും; സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ? | (സി)& (ഡി) 40 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കിയിട്ടുണ്ട്. (ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.) 23 നിയോജക മണ്ഡലങ്ങളിൽ പ്രവർത്തനം പുരോഗമിച്ചു വരുന്നു. 58 മണ്ഡലങ്ങളിൽ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 19 മണ്ഡലങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തിയാക്കുന്നതാണ്. |

S. Mulathy

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 150

5.7.2010 ൽ മറുപടിക്ക്

കരനെൽകൃഷി

ചോദ്യം

ശ്രീ.എം. ചന്ദ്രൻ :

ശ്രീ. അൽഫോൺസ് കണ്ണന്താനം :

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :

ശ്രീ. സി.എച്ച്. കുഞ്ഞമ്പു :

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ

(കൃഷി വകുപ്പ് മന്ത്രി)

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ പദ്ധതിയിലും ഉൾപ്പെടുത്തി കരനെൽകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രണ്ടു പദ്ധതികളിലുമായി സംസ്ഥാനത്തൊട്ടാകെ 12000 ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുന്നു. വിത്ത് സൗജന്യമായി നൽകുന്നതുൾപ്പെടെ മറ്റ് ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിന് ഹെക്ടറിന് 5000 രൂപാ നിരക്കിൽ ധനസഹായം നൽകുന്നു. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൃഷി ഭവനുകളുടെ ആഭിമുഖ്യത്തിൽ ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉപദേശവും മേൽനോട്ടവും കൃഷി ഭവനുകൾ മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്. കൃഷി ഭവൻ തലത്തിൽ കൃഷി ഓഫീസർമാരും കൃഷി അസിസ്റ്റന്റുമാരും നെൽകൃഷിയുടെ ഓരോ കൃഷിയിടവും സന്ദർശിച്ച് വിളയുടെ ഓരോ ഘട്ടത്തിലുമുള്ള അവസ്ഥ നിരീക്ഷിച്ച് പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റു ഡയറക്ടർമാരും ജില്ലാ തലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്ലോട്ടുകൾ സന്ദർശിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി

വരുന്നു. ജില്ലാ തലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും ജില്ലാ പാഡി സെൽ അംഗങ്ങളും തെരഞ്ഞെടുത്ത പ്ലോട്ടുകൾ സന്ദർശിച്ച് അവലോകനം നടത്തി വരുന്നു. കാർഷിക സർവ്വകലാശാലയുടെ സഹകരണവും ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലഭ്യമാക്കുന്നുണ്ട്.

(ബി)പദ്ധതിക്കായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ 3 കോടി രൂപയും ആർ.കെ.വി.വൈ പദ്ധതിയിൽ 3 കോടി രൂപയും പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തൊട്ടാകെ 12000 ഹെക്ടറിൽ കരനെൽകൃഷി വ്യാപിപ്പിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) കരനെൽകൃഷിക്കായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) പദ്ധതി നടപ്പിലാക്കുന്നതിന് വിത്ത് സൗജന്യമായി നൽകുന്നതുൾപ്പെടെ മറ്റ് ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിന് ഹെക്ടറിന് 5000 രൂപ വീതം ധനസഹായം നൽകുന്നു.

(ഇ) കൃഷി ചെയ്യുന്നതിന് ആവശ്യമായ ഉപദേശവും മേൽനോട്ടവും കൃഷിഭവനുകൾ മുഖേന ലഭ്യമാക്കുമോ?

(ഇ) ജില്ലകളിൽ കൃഷി ഭവൻ തലത്തിൽ കൃഷി വകുപ്പിന്റേയും ത്രിതല പഞ്ചായത്തുകളുടേയും സഹകരണത്തോടെ കൃഷി ഉദ്യോഗസ്ഥൻമാരുടെ മേൽനോട്ടത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനാവശ്യമായ ഉപദേശവും മേൽനോട്ടവും കൃഷി ഭവനുകൾ മുഖേന ലഭ്യമാക്കുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ സഹകരണവും ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ലഭ്യമാക്കുന്നുണ്ട്.

അനുബന്ധം നിയമസഭ ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ